15
2026
ജൂലൈ
ബുധൻ
മിഥുനം 31

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 140 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-140 പേജ് 4. വില 2.00 രൂപ




02 മനുഷ്യനെ സന്ദർശിച്ച് മടങ്ങി 1200 കോടി വയസുള്ള അതിഥി..!


03 സീറോമലബാർ സിറിയൻ കാത്തലിക് വിദ്യാർഥികൾ ആശങ്കയിൽ

04 ആർ. സുഗതൻ ജയിലിൽ സത്യപ്രതിജ്ഞ ചെയ്തു

# മരണപ്പൊഴിയായ മുതലപ്പൊഴി തുറമുഖം എന്തിനുവേണ്ടിയാണു നിലനിർത്തുന്നത്...

**യേശുദാസ് വില്യം**

തിരുവനന്തപുരം: മുതലപ്പൊഴി തുറമുഖത്തിനു ശാശ്വതമായ പരിഹാരത്തിനുള്ള പോംവഴി അതു പൂർണ്ണമായി അടക്കുക എന്നതു മാത്രമാണ്.ഇതുവരെ എൺപതിലേറെ ധീരൻമാരായ മൽസ്യത്തൊഴിലാളികളെ കുരുതികൊടുത്ത അഴിമുഖം സുഖകരമായ മൽസ്യബന്ധനത്തിനു അനുയോജ്യമല്ലന്നതിനു മറ്റെന്തു തെളിവുകളാണ് ഇനി വേണ്ടത്.ദിനം പ്രതി കടലപകടങ്ങൾ.മരണം സംഭവിച്ചില്ലെങ്കിലും മൽസ്യത്തൊഴിലാളികളുടെ ഏനങ്ങളും,പ്രവർത്തിചെയ്യുവാനുള്ള ശേഷിയും നഷ്ടപ്പെടുത്തുന്ന നൂറുകണക്കിനപകടങ്ങൾ.ഇതിനൊന്നും ആർക്കും ഉത്തരമില്ല. മുതലപ്പൊഴി തുറമുഖം മൽസ്യത്തൊഴിലാളികൾ സമരം ചെയ്തു നേടിയെടുത്തതാണ്.ഇതുപോലെ കേരളത്തിൽ കാസർഗോടു മുതൽ തെക്ക് പൊഴിയൂർ വരെ നിരവധി ഫിഷ് ലാൻഡിംഗ് സെന്ററുകളും, പൊഴികളും ചൂണ്ടിക്കണിച്ചു കൊണ്ടു ഹാർബറിന്റെ ആവിശ്യം തീരദേശമണ്ഡലങ്ങളിലെ ജനപ്രതിനിധികൾ ഇപ്പോഴും രാഷ്ട്രീയമായി ഉയർത്തുന്നു.ഇതു ചെവിക്കൊണ്ടാൽ കേരളത്തിന്റെ തീരത്തു മരണക്കയങ്ങളാകും സൃഷ്ടിക്കപ്പെടുക.



പൂനൈ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ കമ്മീഷൻ,മദ്രാസ്സ് ഐഐടി തുടങ്ങിയസ്ഥാപനങ്ങളുടെ പഠനങ്ങളും,തുടർ നിർദ്ദേശങ്ങളും പാലിച്ചു കൊണ്ടു തുടങ്ങുകയും തുടരുകയും ചെയ്യുന്ന മുതലപ്പൊഴി ഹാർബർ മൽസ്യബന്ധനത്തിനു യാനങ്ങൾക്കു വരുത്തുപോക്കിനു അനുയോജ്യമല്ലന്നാണ് മൽസ്യത്തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നത്.കേരളത്തിൽ ജീവിച്ചിരിക്കുന്ന ആഴക്കടൽ ട്രോളിംഗ് മൽസ്യബന്ധനത്തിൽ വിദഗ്ധനും,കടലറിവുകളും നീരൊഴുക്കുകളെക്കുറിച്ചും അനുഭവ പരിജ്ഞാനമുള്ള യന്ത്രവൽകൃത ട്രോളിംഗ് മേഖലയുടെ സ്ഥാപക നേതാവുമായ ചാർളി ജോസഫ് പറയുന്നത് മുതലപ്പൊഴി ഹാർബർ ഒരിക്കലും മൽസ്യത്തൊഴിലാളികൾക്ക് ഗുണപ്പെടില്ല.ഇതിനു കാരണമായി ചാർളി ജോസഫ് ചൂണ്ടിക്കാട്ടുന്നത് ഇവിടെ ശക്തമായ വേലിയേറ്റവും,വേലിയിറക്കവുമില്ലാത്ത വെറുമൊരു പൊഴിയാണിത്.നീണ്ടകര,പൊന്നാനി,പുതിയാപ്പ,മുനമ്പം തുടങ്ങിയ ഹാർബറുകളെക്കുറിച്ചു ആലോചിച്ചാൽ മാത്രം മതി.മുതലപ്പൊഴിയുടെ പ്രയോഗിക ശൂന്യത മനസ്സിലാകും.ഇവിടെ വർഷകാലത്തുമാത്രം മുറിച്ചുവിടുന്ന സാധാരണ പൊഴി മാത്രമാണ്.ഇവിടെ ഇനി എത്ര കോടി മുടക്കിയാലും മുതലപ്പൊഴി ഫ്ഷിംഗ്ഹാർബറായി വിജയിക്കില്ലന്നു ചാർളി ജോസഫ് പറയുന്നു.

മുതലപ്പൊഴി പ്രശ്നം പരിഹരിക്കുവാൻ ബിജെപിയുടെ നേതൃത്വത്തിൽ കേന്ദ്ര ഇടപെടലിനും, മാറി മാറി വരുന്ന സർക്കാരുകൾ മുതലപ്പൊഴി സന്ദർശിക്കുകയും ഇവിടെ ബ്രേക്ക് വാട്ടറിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുവാനും,സാങ്കേതിക സമിതികളുടെ പഠനങ്ങൾ നടപ്പിലാക്കുവാനും ജനങ്ങൾക്ക് ഉറപ്പു നൽകുന്നു്.തു രാഷ്ട്രീയം മാത്രമാണ്.എന്നാൽ കടലറിയുന്നവർ പറയുന്നത് ഇവിടെ ചൊരിമണലുള്ള കടലാണ്.മുന്നൂറ്റിയറുപത്തഞ്ചു ദിവസവും ഡ്രെജ് ചെയ്താലും ഇവിടെ ബോട്ടപകടങ്ങൾ ഉണ്ടാവും.ദിവസവും ഇവിടെ ബോട്ടുകൾ മറിയുന്നുണ്ട്.അഞ്ചുതെങ്ങിലെയും,മാമ്പള്ളിയിലെയും ധീരൻമാരായ മൽസ്യത്തൊഴിലാളികൾ ജീവനും കൈയ്യിൽ പിടിച്ചു നീന്തിക്കയറുകയാണ്`തുകൊണ്ടു തന്നെ ഇതൊന്നു പുറം ലോകം അറിയുന്നില്ല.മറ്റൊന്ന് മനോഹരമായ അഞ്ചുതെങ്ങു തീരത്തെ പഞ്ചാരമണൽ നിറഞ്ഞ ബീച്ചുകൾ അപ്രത്യക്ഷമായി.ആയിരക്കണക്കിനു വള്ളങ്ങൾ കയറ്റിവെച്ചിരുന്ന തീരങ്ങൾ അനാഥമായി..ബ്രേക്ക് വാട്ടറിനായി പൊഴിയിൽ ഇനിയും കല്ലിട്ടാൽ ഈ തീരവും വിസ്മൃതമാവും.കടൽ കയറുമ്പോൾ തീരവും തൊട്ടപ്പുറത്തുള്ള കായലുമായി മീറ്ററുകളുടെ മാത്രം അകലം.. അതിനിടയിൽ നേർ രേഖപോലെ തീരദേശ റോഡ്.അതിനിടയിൽ രാപാർക്കുന്ന ആയിരക്കണക്കിനു കുടുംബങ്ങൾ...മുതലപ്പൊഴിക്കു പകരമായി വിഴിഞ്ഞത്തെ ആധുനിക തുറമുഖം യാഥാർത്ഥ്യമാവട്ടെ....നമുക്ക് ചാകരക്കോളുമായി ആ തുറമുഖത്തടുക്കാം..മരണഭയമില്ലാതെ...

## യൂട്യൂബർ തൊപ്പിക്കെതിരെ ലുക്ക് ഔട്ട് സർക്കുലർ

കൊച്ചി: സമൂഹമാധ്യമങ്ങളിലൂടെ നഗ്ന ദൃശ്യങ്ങൾ പ്രചരിപ്പിച്ചെന്ന കേസിൽ യൂട്യൂബർ തൊപ്പി എന്ന നിഹാദിനെതിരെ ലുക്ക് ഔട്ട് സർക്കുലർ. ഒളിവിൽ കഴിയുന്ന നിഹാദ് വിദേശത്തേക്ക് കടക്കാൻ സാധ്യതയുണ്ടെന്ന വിലയിരുത്തലിലാണ് ലുക്ക് ഔട്ട് നോട്ടീസ് ഇറക്കുന്നത്. ചോദ്യം ചെയ്യാൻ ഹാജരാകാൻ ആവശ്യപ്പെട്ടപ്പോഴും ആരോഗ്യ പ്രശ്നമുണ്ടെന്ന് പറഞ്ഞ് നിഹാദ് ഹാജരായിരുന്നില്ല. നിഹാദിൻറെ മുൻകൂർ ജാമ്യത്തെ എതിർത്ത് പോലീസ് റിപ്പോർട്ട് നൽകിയിരുന്നു. ചെയ്തത് ഗൗരവ സ്വഭാവമുള്ള കുറ്റമെന്നാണ് പോലീസ് പറയുന്നത്. മുൻകൂർ ജാമ്യാപേക്ഷയിൽ കോടതി തീരുമാനമെടുത്ത ശേഷം മാത്രമായിരിക്കും അറസ്റ്റ് അടക്കമുള്ള തുടർ നടപടികളിലേക്ക് പോലീസ് നീങ്ങുക. പോലീസ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നിഹാദിൻറെ ചാനൽ യൂട്യൂബ് നീക്കം ചെയ്തിരുന്നു. സുഹൃത്തുക്കളുടെ നഗ്ന വീഡിയോ പോസ്റ്റ് ചെയ്തതുവെന്നാണ് കേസ്. നിഹാദിൻറെ കൂട്ടാളികളായ മമ്മു, ഷമീർ എന്നിവർ ഇയാൾക്കെതിരെ ചില ആരോപണങ്ങൾ ഉന്നയിച്ച് രംഗത്തെത്തിയിരുന്നു. ഇതിന് മറുപടി നൽകിയ വീഡിയോയിലാണ് നഗ്ന ദൃശ്യങ്ങൾ കാണിച്ചത്.

## മുതലപ്പൊഴിയിലെ ലൈഫ് ഗാർഡുകൾക്ക് ; നാല് മാസമായി ശമ്പളമില്ല

ആറ്റിങ്ങൽ: നാല് മാസമായി ശമ്പളമില്ലാതെ ലൈഫ് ഗാർഡുമാർ. മുതലപ്പൊഴിയിലെ ലൈഫ് ഗാർഡുകൾക്കാണ് കഴിഞ്ഞ നാല് മാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന് ആക്ഷേപമുയർന്നത്.

വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷന് കീഴിൽ മുതലപ്പൊഴിയിൽ ഉൾപ്പെടെ 45 ഓളം ലൈഫ് ഗാർഡുകളാണുള്ളത്. അതീവ അപകടസാധ്യതയുള്ള മുതലപ്പൊഴിയിൽ വിഴിഞ്ഞം , പൂന്തുറ, അഞ്ചുതെങ്ങ് മേഖലകളിലെ മത്സ്യത്തൊഴിലാളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണ് ഇവർ. മാസത്തിൽ 27 ഷിഫ്റ്റുകളിൽ ഇവർ ജോലി ചെയ്യുന്നു. മാസം 21,000 രൂപയാണ് ശമ്പളം. ഇത് ലഭിക്കാത്തത് തൊഴിലാളികളുടെ കുടുംബങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഇവർക്ക് മതിയായ സുരക്ഷാ സംവിധാനങ്ങളോ ഇൻഷുറൻസ് പരിരക്ഷയോ സർക്കാർ ഒരുക്കിയിട്ടില്ല. ഫിഷറീസ് മന്ത്രിക്ക് പരാതി നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല.

പുതിയ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസങ്ങളാണ് ശമ്പളം വൈകാൻ കാരണമെന്നും ഉടൻ പരിഹരിക്കുമെന്നുമാണ് ഫിഷറീസ് സ്റ്റേഷൻ അധികൃതർ പറയുന്നത്.

## പൊഴിയൂരിലെ കടൽ ഭിത്തി നിർമാണം; മുഖ്യമന്ത്രിക്ക് കത്ത് നൽകി

നെയ്യാറ്റിൻകര : പൊഴിയൂരിൽ കടൽഭിത്തി നിർമാണം അടിയന്തരമായി നടത്തണമെന്ന ആവശ്യം മുഖ്യമന്ത്രി വി.ഡി.സതീശനെ നേരിൽ കണ്ട് കത്ത് നൽകി ബോധ്യപ്പെടുത്തിയതായി എൻ. ശക്തൻ എംഎൽഎ അറിയിച്ചു. പൊഴിയൂരിലെ മത്സ്യത്തൊഴിലാളികളുടെ വളരെക്കാലത്തെ ആവശ്യമാണ് തീരത്തെ കടൽ ഭിത്തി നിർമാണം. കടൽ ക്ഷോഭത്തിൽ തീരദേശത്തെ വീടുകളും റോഡും ജീവനോപാധികളും നഷ്ടപ്പെട്ടവരുടെ സങ്കടം കാണാതിരിക്കാനാവില്ലായെന്ന് എംഎൽഎ പറഞ്ഞു.

കടൽഭിത്തി നിർമാണം സംബന്ധിച്ച് അനുകൂല നടപടി ഉണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതായും എംഎൽഎ അറിയിച്ചു.

## നടിയെ ആക്രമിച്ച കേസ്: പൾസർ സുനിക്ക് തിരിച്ചടി, ശിക്ഷ മരവിപ്പിക്കണമെന്ന ആവശ്യം ഹൈക്കോടതി തള്ളി

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ജീവപര്യന്തം തടവ് ശിക്ഷ മരവിപ്പിക്കണമെന്ന പ്രതി സുനിൽ കുമാർ എന്ന പൾസർ സുനിയുടെ ആവശ്യം ഹൈക്കോടതി തള്ളി. ശിക്ഷ മരവിപ്പിക്കേണ്ട അസാധാരണ സാഹചര്യമില്ലെന്ന് ജസ്റ്റീസുമാരായ രാജ വിജയരാഘവനും കെ. വി. ജയകുമാറും അടങ്ങിയ ഡിവിഷൻ ബെഞ്ച് വിലയിരുത്തി. ശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പൾസർ സുനി നൽകിയ അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്. 20 വർഷം തടവിനാണ് പൾസർ സുനിയെ വിചാരണ കോടതി ശിക്ഷിച്ചത്.

ശിക്ഷ മരവിപ്പിച്ചാൽ കുറ്റകൃത്യത്തിൻറെ ഗൗരവം കുറച്ചുകാണുന്നുവെന്ന് കരുതപ്പെടുമെന്നാണ് പ്രോസിക്യൂഷൻ വാദിച്ചത്. അതിനാൽ ശിക്ഷ മരവിപ്പിക്കരുതെന്ന് പ്രോസിക്യൂഷൻ കോടതിയോട് ആവശ്യപ്പെട്ടു. പ്രതി സ്ഥിരം കുറ്റവാളിയാണെന്നും സർക്കാർ വാദിച്ചു. നടന്നത് ഹീനമായ കുറ്റകൃത്യമാണെന്നും ഒന്നാം പ്രതി കുറ്റക്കാരനാണെന്ന് വിചാരണ കോടതി കണ്ടെത്തിയെന്നും അതിജീവിത കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇരുകൂട്ടരുടെയും വാദം കേട്ടശേഷമാണ് കോടതി ഹർജി തള്ളിയത്.

## ഒരു ഇതിഹാസം മറ്റൊരു ഇതിഹാസത്തെ കാണാൻ എത്തി; ഗാലറിയിൽ ആവേശമായി മോഹൻലാൽ

ലോകകപ്പ് മത്സരത്തിൻറെ ക്വാർട്ടർ ഫൈനൽ കാണാൻ മോഹൻലാൽ എത്തിയതാണ് സമൂഹമാധ്യമങ്ങളിൽ ഇപ്പോൾ ഹിറ്റായിരിക്കുന്നത്.


അർജൻറീനയും സ്വിറ്റ്സർലൻഡും തമ്മിലുള്ള ആവേശകരമായ മത്സരം കാണാനാണ് മോഹൻലാൽ അമേരിക്കയിലെത്തിയത്.

നടനും സംവിധായകനുമായ ആര്യൻ ഗിരിജ വല്ലഭനാണ് മോഹൻലാൽ സ്റ്റേഡിയത്തിൽ ഇരിക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ചത്.

ജേക്കബ് ബാബു പകർത്തിയ വീഡിയോ നിമിഷനേരം കൊണ്ടാണ് ആരാധകർ ഏറ്റെടുത്തത്. ഒരു ഐക്കോണിക് കാഴ്ച. സ്വിറ്റ്സർലൻഡിനെതിരായ അർജൻറീനയുടെ മത്സരത്തിന് സാക്ഷിയാകാൻ ഗാലറിയിൽ ലാലേട്ടൻ. ഒരു ഇതിഹാസം മറ്റൊരു ഇതിഹാസത്തെ (മെസി) കാണാൻ എത്തിയ നിമിഷം, എന്നാണ് ആര്യൻ കുറിച്ചത്.

ഒരു ഗോട്ട് മറ്റൊരു ഗോട്ടിനെ കാണാൻ എത്തുന്നു എന്നാണ് ആരാധകർ ഈ നിമിഷത്തെ വിശേഷിപ്പിക്കുന്നത്.





# മനുഷ്യനെ സന്ദർശിച്ച് മടങ്ങി 1200 കോടി വയസുള്ള ആ അതിഥി..!

ഏകദേശം 1200 കോടി വർഷം മുൻപ്, ക്ഷീരപഥത്തിൻറെ അതിർത്തിയിലെവിടെയോ രൂപംകൊണ്ട ധൂമകേതു! മനുഷ്യൻ ഇന്നേവരെ കണ്ടിട്ടുള്ളതിൽ പ്രപഞ്ചത്തിലെ ഏറ്റവും പഴക്കമേറിയ വസ്തു, 3I/ATLAS.



വിസ്മയങ്ങളുടെ മഹാപ്രപഞ്ചത്തിൽ മനുഷ്യനു സങ്കൽപ്പിക്കാനാകുന്നതിന്നപ്പുറമുള്ള എത്രയെത്ര വിഷയങ്ങൾ! ഉത്തരം കണ്ടെത്താനാകാത്ത എത്രയെത്ര സംഭവങ്ങൾ! സൗരയൂഥത്തിൻറെ അതിരുകൾക്കപ്പുറം, പ്രപഞ്ചത്തിൻറെ ഏതോ അജ്ഞാതകോണിൽ നിന്ന് നമ്മെ തേടി ഒരു അതിഥി എത്തിയിരുന്നു; 3I/ATLAS എന്ന ധൂമകേതു! മനുഷ്യചരിത്രത്തിൽ ഇന്നേവരെ രേഖപ്പെടുത്തയതിൽ നമ്മുടെ സൗരയൂഥത്തിലൂടെ കടന്നുപോകുന്ന മൂന്നാമത്തെ അന്യഗ്രഹവസ്തുവാണിത്.

കഴിഞ്ഞവർഷം ജൂലൈ ഒന്നിനായിരുന്നു ശാസ്ത്രലോകം അന്യഗ്രഹ ധൂമകേതുവിനെ ആദ്യമായി കണ്ടെത്തിയത്. ഇപ്പോൾ, സൂര്യൻറെ ഗുരുത്വാകർഷണത്തിനു വഴങ്ങാതെ; വ്യാഴത്തിൻറെ ഭ്രമണപഥവും കടന്ന്, പ്രപഞ്ചത്തിൻറെ ഇരുണ്ട ശൂന്യതയിലേക്കു മടങ്ങുന്നു... ഇനി ഒരിക്കലും ഭൂമിയുടെ വിരുന്നുകാരനായി ആ അന്യഗ്രഹവസ്തു തിരിച്ചുവരില്ല.

എന്നാൽ, പോകും മുൻപ് പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള ചില നിർണായക രഹസ്യങ്ങൾ ശാസ്ത്രജ്ഞർക്കു സമ്മാനിച്ചാണ് 3I/ATLAS മടങ്ങിയത്.

സൗരയൂഥത്തിൻെറ വെളിയിൽനിന്ന് എത്തിയ വസ്തുക്കളിൽ ആദ്യത്തേത് 2017ൽ കണ്ടെത്തിയ ഓമുവമുവ (1I/Oumuamua) ആണ്. അതിൻറെ സഞ്ചാരംതന്നെ പ്രത്യേക ശൈലിയിലായിരുന്നു. രണ്ടാമത്തേത് 2019ൽ കണ്ടെത്തിയ ബോറിസോവ് . മൂന്നാമതായി എത്തിയ അതിഥിയാണ് 3I/ATLAS. ജെയിംസ് വെബ് ബഹിരാകാശ ടെലിസ്കോപ്പും ചിലിയിലെ അൽമ ടെലിസ്കോപ്പും നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാമൻ ശാസ്ത്രലോകത്തിനു നൽകിയത് സമാനതകളില്ലാത്ത അറിവുകളാണ്.

ഏകദേശം 1.5 മൈൽ വ്യാസമുള്ള പാറയും മഞ്ഞും നിറഞ്ഞ അന്യഗ്രഹ വസ്തുവിൻെറ രാസഘടന പരിശോധിച്ച ഗവേഷകർ അദ്ഭുതകരമായ കാര്യങ്ങളിലേക്കാണ് എത്തിയത്. പാറകളിൽ കാണപ്പെടുന്ന സിലിക്കേറ്റുകൾ സാധാരണയായി പരൽ രൂപത്തിലോ അല്ലെങ്കിൽ, പ്രത്യേക രൂപമില്ലാതെയോ ആണ് കാണപ്പെടാറുള്ളത്. നമ്മുടെ സൗരയൂഥത്തിലെ ധൂമകേതുക്കളിൽ ഇവ പരൽ രൂപത്തിലാണ്. എന്നാൽ 3I/ATLASÂ ഇവ രൂപരഹിതമായാണ് കാണപ്പെട്ടത്. ഇതിനർഥം, വലിയ പ്രക്ഷുബ്ധതകളൊന്നുമില്ലാത്ത, തികച്ചും ശാന്തമായ അന്യഗ്രഹ വ്യൂഹത്തിൻറെ പുറംഭാഗത്താണ് ഇതു രൂപംകൊണ്ടതെന്ന് ശാസ്ത്രജ്ഞർ അനുമാനിക്കുന്നു.

3I/ATLASÂ കാർബൺ മോണോക്സൈഡ്, കാർബൺ ഡയോക്സൈഡ്, മീഥെയ്ൻ എന്നിവയുടെ അളവ് വളരെ കൂടുതലാണ്. കൂടാതെ, ഇതിലെ ഹെവി വാട്ടർ ൻെറ അളവ് നമ്മുടെ സൗരയൂഥത്തിലെ ധൂമകേതുക്കളേക്കാൾ 30 മടങ്ങ് അധികമാണ്. മൈനസ് 405 ഡിഗ്രി ഫാരൻഹീറ്റിനും താഴെയുള്ള അതിശൈത്യമുള്ള അന്തരീക്ഷത്തിലേ ഈ പ്രതിഭാസം സാധ്യമാകൂ.

ജെയിംസ് വെബ് ടെലിസ്കോപ്പ് നടത്തിയ കാർബൺ ഐസോടോപ്പ് പരിശോധനയിൽ ഇതിൽ കാർബൺ13 ൻെറ അളവ് വളരെ കുറവാണെന്ന് കണ്ടെത്തി. ഇതിനർഥം പ്രപഞ്ചത്തിൻെറ ആദ്യകാലങ്ങളിൽ; ഏകദേശം 1200 കോടി വർഷം മുൻപ്, ക്ഷീരപഥത്തിൻെറ അതിർത്തിയിലെവിടെയോ രൂപംകൊണ്ട ഒന്നാകാം ഇത്. അനുമാനം ശരിയാണെങ്കിൽ മനുഷ്യൻ ഇന്നേവരെ കണ്ടിട്ടുള്ളതിൽ പ്രപഞ്ചത്തിലെ ഏറ്റവും പഴക്കമേറിയ വസ്തുവായിരിക്കും 3I/ATLAS.

കോടിക്കണക്കിന് വർഷം ശൂന്യാകാശത്തിലൂടെ യാത്ര ചെയ്ത് നമ്മളിലേക്ക് എത്തിയ അതിഥി, പ്രപഞ്ചത്തിലെ എല്ലാ സൗരയൂഥങ്ങളും നമ്മുടേതു പോലെ പ്രക്ഷുബ്ധമല്ലെന്നും തികച്ചും ശാന്തമായ പ്രപഞ്ചസാഹചര്യങ്ങളും നിലനിൽക്കുന്നുണ്ടെന്നും തെളിയിക്കുന്നതായി ഗവേഷകർ അഭിപ്രായപ്പെടുന്നു. ഭാവിയിൽ ഇത്തരം വിരുന്നുകാരെ കൂടുതൽ അടുത്തറിയാൻ യൂറോപ്യൻ സ്പേസ് ഏജൻസി, കോമറ്റ് ഇൻറർസെപ്റ്റർ പോലുള്ള ദൗത്യങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. വിരാ സി. റൂബിൻ ഒബ്സർവേറ്ററി പോലെയുള്ള അത്യാധുനിക ടെലിസ്കോപ്പുകൾ കൂടി സജ്ജമായതോടെ, വരും വർഷങ്ങൾ അന്യഗ്രഹ വസ്തുക്കളെക്കുറിച്ചുള്ള പഠനം സുവർണ കാലഘട്ടമായി മാറുമെന്നാണ് ഗവേഷകലോകത്തിൻെറ വിലയിരുത്തൽ.

# രാജ്യത്തെ അഭിസംബോധന ചെയ്യാനൊരുങ്ങി ഡോണൾഡ് ട്രംപ്

വാഷിംഗ്ടൺ: പശ്ചിമേഷ്യൻ സംഘർഷം മൂർച്ഛിക്കുന്നതിനിടെ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് വ്യാഴാഴ്ച രാജ്യത്തെ അഭിസംബോധന ചെയ്യും. രാത്രി ഒൻപതിന് (ഇന്ത്യൻ സമയം വെള്ളി രാവിലെ 6.30) രാജ്യത്തെ അഭിസംബോധന ചെയ്യുമെന്ന് ട്രൂത്ത് സോഷ്യൽ നെറ്റ്വർക്കിലൂടെയാണ് യുഎസ് പ്രസിഡൻറ് വ്യക്തമാക്കിയത്.

രാജ്യത്തെ അഭിസംബോധന ചെയ്യുന്നതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ വിവരങ്ങൾ നൽകാൻ വൈറ്റ് ഹൗസ് തയാറായിട്ടില്ല. എന്നാൽ, ഇറാനെതിരെയുള്ള യുഎസ് നാവിക സേനയുടെ ഉപരോധം പുനഃസ്ഥാപിക്കുമെന്നും ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന കപ്പലുകളിൽനിന്ന് അമേരിക്ക ഇരുപതു ശതമാനം ഫീസ് ഈടാക്കുമെന്നും പ്രഖ്യാപിച്ചതിനു തൊട്ടുപിന്നാലെയാണ് ട്രംപിൻറെ പുതിയ അറിയിപ്പ്.

നേരത്തെ, യുഎസ്ഇസ്രയേൽ സൈനികനീക്കം തുടങ്ങി ഒരു മാസത്തിനു ശേഷം, ഏപ്രിൽ ഒന്നിനാണ് ട്രംപ് അവസാനമായി ടെലിവിഷനിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്തത്. ഇറാൻ യുദ്ധത്തിന് അനുകൂലമായ ന്യായീകരണങ്ങൾ നിരത്തിയായിരുന്നു അന്ന് വൈറ്റ് ഹൗസിൽ നിന്നുള്ള അദ്ദേഹത്തിൻറെ പ്രസംഗം. എന്നാൽ യുദ്ധത്തെത്തുടർന്ന് എണ്ണവില കുതിച്ചുയരുകയും ട്രംപിൻറെ ജനപ്രീതിയിൽ ഇടിവ് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് രാജ്യത്തെ അഭിസംബോധന ചെയ്യാനുള്ള അദ്ദേഹത്തിൻറെ പുതിയ തീരുമാനം ഏറെ പ്രാധാന്യത്തോടെ ലോകരാജ്യങ്ങൾ നോക്കിക്കാണുന്നത്.

# വർക്കലയിൽ പാട്ടു വെച്ചതിനെച്ചൊല്ലി തർക്കം; തമിഴ്നാട് സ്വദേശിയായ പത്തൊമ്പതുകാരന് കുത്തേറ്റു

തിരുവനന്തപുരം: വർക്കല പാപനാശം വിനോദസഞ്ചാര മേഖലയിൽ തമിഴ്നാട് സ്വദേശിയായ യുവാവിന് കുത്തേറ്റു. തഞ്ചാവൂർ സ്വദേശി സുദർശന് (19) ആണ് ഗുരുതരമായി പരിക്കേറ്റത്.

സംഭവത്തിൽ രണ്ട് പേരെ പോലീസ് പിടികൂടി. കുരയ്ക്കണ്ണി സ്വദേശി മുഹമ്മദ് അലിയും (18), പ്രായപൂർത്തിയാകാത്ത യുവാവുമാണ് പിടിയിലായത്. തിങ്കളാഴ്ച രാത്രി 11ഓടെ സൗത്ത് ക്ലിഫ് നടപ്പാതയിലാണ് സംഭവം.

തഞ്ചാവൂരിൽനിന്ന് 14 സുഹൃത്തുക്കൾക്കൊപ്പമാണ് സുദർശൻ തിങ്കളാഴ്ച രാവിലെ വർക്കലയിൽ എത്തിയത്. രാത്രിയിൽ സുഹൃത്തുക്കളായ സതീശനും കുമുദനും ഒപ്പം സൗത്ത് ക്ലിഫ് നടപ്പാതയിലൂടെ ബ്ലൂടൂത്ത് സ്പീക്കറിൽ പാട്ട് കേട്ട് നടക്കുന്നതിനിടെയാണ് ആക്രമണമുണ്ടായത്. സ്പീക്കറിൽ പാട്ട് വെച്ചതിനെ പ്രദേശവാസികളായ മൂന്ന് യുവാക്കൾ ചോദ്യംചെയ്തു. ഇത് പിന്നീട് വാക്കുതർക്കത്തിലും കൈയാങ്കളിയിലേക്കും നീങ്ങി. ഇതിനിടെയാണ് സുദർശന് കുത്തേറ്റത്. സുദർശൻറെ വയറിൻറെ വലതുഭാഗത്തും തോളിലും മുതുകത്തുമാണ് കുത്തേറ്റത്. ഇയാളെ ആദ്യം വർക്കല താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

സംഭവശേഷം ഓടിരക്ഷപ്പെടാൻ ശ്രമിച്ച പ്രതികളെ ഒരു കിലോമീറ്ററോളം പിന്തുടർന്നാണ് പോലീസ് പിടികൂടിയത്. മൂന്നാമത്തെ പ്രതിക്കായി തിരച്ചിൽ തുടരുകയാണെന്ന് പോലീസ് അറിയിച്ചു.

## കോഴിമുട്ട വാങ്ങുന്നതിനിടെ കൈയാങ്കളി; ഒരാൾ മരിച്ചു

മലപ്പുറം: കോഴിമുട്ട വാങ്ങുന്നതുമായി ബന്ധപ്പെട്ട തർക്കത്തിനിടെ ഒരാൾ മരിച്ചു. മലപ്പുറം മുന്നിയൂർ കുന്നത്ത്പറമ്പ് സ്വദേശി ഫൈസൽ ആണ് മരിച്ചത്.

മുന്നിയൂരിലെ കടയിൽ ഇന്നു രാവിലെയാണ് സംഭവം. കോഴിമുട്ട വാങ്ങാനെത്തിയ കുന്നത്ത് പറമ്പ് സ്വദേശി ഫൈസലും ലത്തീഫും തമ്മിൽ വാക്കുതർക്കമുണ്ടായി. പിന്നീട് ലത്തീഫ് വാഹനത്തിൽ കയറിപ്പോകുന്നതിനിടെ ഫൈസൽ കോഴിമുട്ട കൊണ്ട് എറിഞ്ഞു. ഇതേത്തുടർന്നുണ്ടായ അടിപിടിയിൽ ഫൈസൽ റോഡിലേക്ക് തലയിടിച്ച് വീഴുകയായിരുന്നു. ലത്തീഫിനെതിരെ വധശ്രമത്തിന് കേസെടുത്തിട്ടുണ്ട്.

# പെരുമ്പാവൂരിൽ യുവതിക്ക് നേരെ മോഷ്ടാവിൻെറ ലൈംഗികാതിക്രമം

കൊച്ചി: പെരുമ്പാവൂരിൽ യുവതിക്ക് നേരെ ലൈംഗികാതിക്രമം. വീട്ടിൽ കവർച്ചയ്ക്കെത്തിയ മോഷ്ടാവാണ് ലൈംഗികാതിക്രമം നടത്തിയത്. കഴിഞ്ഞ വെള്ളിയാഴ്ച വൈകുന്നേരം ഏഴോടെയാണ് സംഭവം. യുവതിയും ഭർത്താവും പുറത്തു പോയ സമയത്താണ് വീട്ടിൽ മോഷ്ടാവ് എത്തിയത്.

ഏഴു മണിയോടെ യുവതി തിരിച്ചെത്തിയപ്പോഴാണ് മോഷണശ്രമം നടന്നതായി അറിഞ്ഞത്. വീടിൻറെ വാതിൽ തുറന്നു കിടക്കുന്നതും അലമാര കുത്തി തുറക്കാൻ ശ്രമിച്ചതും കണ്ടതോടെ യുവതി സാധനങ്ങൾ അടുക്കിവയ്ക്കാൻ ശ്രമിച്ചു.

ഇതിനിടെ വീടിൻറെ പരിസരത്ത് ഒളിച്ചിരുന്ന പ്രതി പൂർണ നഗ്നനായി അകത്തു കടക്കുകയും വാതിൽ കുറ്റിയിട്ട ശേഷം യുവതിയുടെ വായ പൊത്തിപ്പിടിച്ച് ബലാത്സംഗം ചെയ്യാൻ ശ്രമിക്കുകയുമായിരുന്നു. തിങ്കളാഴ്ച വൈകുന്നേരമാണ് യുവതി പെരുമ്പാവൂർ പോലീസിൽ പരാതി നൽകിയത്. പെരുമ്പാവൂർ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

# ജി. സുധാകരൻ എംഎൽഎയുടെ പ്രസംഗം തടസപ്പെടുത്തി സിപിഎം പ്രവർത്തകർ

അമ്പലപ്പുഴ: ജി.സുധാകരൻ എംഎൽഎയുടെ പ്രസംഗം തടസപ്പെടുത്തി സിപിഎം പ്രവർത്തകർ. തോട്ടപ്പള്ളി ആനന്ദേശ്വരം മലയിൽ തോട് പാടശേഖരത്ത് കൽക്കെട്ട് നിർമാണോദ്ഘാടന വേദിയിലാണ് സിപിഎം ലോക്കൽ കമ്മിറ്റി സെക്രട്ടറി വൈ. പ്രദീപിൻറെ നേതൃത്വത്തിൽ നാലംഗ സിപിഎം പ്രവർത്തകർ പ്രസംഗം തടസപ്പെടുത്തിയത്.

തൻറെ പ്രസംഗത്തിൽ കഴിഞ്ഞ ദിവസം നീർക്കുന്നം എസ്ഡിവി ഗവ. യുപി സ്കൂളിൽ നടന്ന വിഷയം പരാമർശിച്ചു. ഇതാണ് സിപിഎം പ്രവർത്തകരെ പ്രകോപിപ്പിച്ചത്. ഇവിടെ രാഷ്ട്രീയം പറയാൻ പാടില്ലെന്ന് പറഞ്ഞ് സിപിഎം പ്രവർത്തകർ സുധാകരൻറെ പ്രസംഗം തടസപ്പെടുത്തുകയായിരുന്നു.

എന്നാൽ നിങ്ങൾ എത്ര ഒച്ചപ്പാടുണ്ടാക്കിയാലും താൻ പറയാനുള്ളത് പറയുമെന്ന് സുധാകരൻ പറഞ്ഞു. പിന്നീടും സുധാകരൻ തൻറെ പ്രസംഗം തുടർന്നു. പഞ്ചായത്തംഗം ആർ. രാജി, കൃഷ്ണമ്മ, സോമൻ എന്നിവർ ചേർന്നാണ് പ്രസംഗം തടസപ്പെടുത്തിയത്.

# അമൃതംപൊടി ഇനി കൂടുതൽ ഹെൽത്തിയാകും

## പഞ്ചസാര ഒഴിവാക്കാൻ നിർദേശം

തിരുവനന്തപുരം: അങ്കണവാടി വഴി വിതരണം ചെയ്യുന്ന അമൃതംപൊടിയിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുകയോ ഒഴിവാക്കുകയോ വേണമെന്ന് വനിതശിശുവികസന വകുപ്പിൻറെ നിർദേശം. ഇതിൻറെ അടിസ്ഥാനത്തിൽ പോഷകാഹാര വിതരണത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ അറിയിച്ചു.

ആറുമാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാനാണ് അമൃതംപൊടി വിതരണം ചെയ്യുന്നത്. കുറുക്കായോ പലഹാരമായോ ദിവസം 135 ഗ്രാം അമൃതംപൊടിയാണ് കുഞ്ഞുങ്ങൾക്ക് നൽകേണ്ടത്. എന്നാൽ ഈ കണക്കനുസരിച്ച് ഒരു കുട്ടി കഴിക്കുമ്പോൾ 27 ഗ്രാം പഞ്ചസാരയാണ് ഉള്ളിലെത്തുന്നത്. ആറുമാസം മാത്രം പ്രായമുള്ള കുഞ്ഞുങ്ങൾക്ക് ഇത്രയധികം പഞ്ചസാര നൽകുന്നത് ഒട്ടും അനുയോജ്യമല്ലെന്നാണ് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. കുഞ്ഞുപ്രായത്തിൽ തന്നെ ഇത്രയധികം പഞ്ചസാര ഉപയോഗിക്കുന്നത്, കുട്ടികൾ വളരുമ്പോൾ ഐസ്ക്രീം ഉൾപ്പെടെയുള്ള മധുര പലഹാരങ്ങളോട് അമിതമായ ആസക്തി ഉണ്ടാകാൻ കാരണമാകുമെന്നാണ് വിലയിരുത്തൽ. പഞ്ചസാരയ്ക്ക് പകരം കുട്ടികളുടെ ആരോഗ്യത്തിന് ഗുണകരമായ ശർക്കരയോ കരുപ്പെട്ടിയോ ചേർത്ത് അമൃതംപൊടി പരിഷ്കരിക്കാനാണ് ഉദ്യോഗസ്ഥരുടെ ശിപാർശ.

കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് സംസ്ഥാന വനിതാശിശുവികസന വകുപ്പ് അമൃതംപൊടി ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. ഇതിനായി ചെലവാകുന്ന തുകയുടെ 60 ശതമാനം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പുതിയ നിർദേശം നടപ്പിലാകുന്നതോടെ കുട്ടികളുടെ പോഷകാഹാര പദ്ധതി കൂടുതൽ ആരോഗ്യകരമായി മാറും.

## പശ്ചിമ ബംഗാളിൽ 'ആൻറിഗൂണ്ട' നിയമം പ്രാബല്യത്തിൽ

കോൽക്കത്ത: പശ്ചിമ ബംഗാളിൽ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന 'ആൻറിഗൂണ്ട' നിയമം പ്രാബല്യത്തിൽ. സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെയും സംഘടിത കുറ്റകൃത്യങ്ങളെയും കർശനമായി നേരിടാനാണ് ഈ നിയമം ലക്ഷ്യമിടുന്നത്.

തൻറെ ഭരണകാലത്ത് തൃണമൂൽ കോൺഗ്രസ് അഴിച്ചുവിട്ട അക്രമങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും ശൃംഖലയെ പൂർണമായും തകർക്കുകയാണ് ഈ നിയമത്തിൻറെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

### ഗതാഗത അതോറിറ്റി യോഗം ജൂലൈ 31ന്

സംസ്ഥാന ഗതാഗത അതോറിറ്റിയുടെ അടുത്ത യോഗം ജൂലൈ 31 രാവിലെ 11 മണിക്ക് തിരുവനന്തപുരം വഴുതക്കാട് ട്രാൻസ്ടവേഴ്സിന്റെ ഏഴാം നിലയിലെ ട്രാൻസ്പോർട്ട് കമ്മിഷണറേറ്റിലെ കോൺഫറൻസ് ഹാളിൽ നടക്കും. യോഗത്തിന്റെ അജണ്ട മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

# നിതിൻ രാജിൻറെ ആത്മഹത്യ; റാമിനെ തേടി ക്രൈംബ്രാഞ്ച് ഇപ്പോഴും ആന്ധ്രയിൽ

കണ്ണൂർ: അഞ്ചരക്കണ്ടി കണ്ണൂർ മെഡിക്കൽ കോളജിലെ ഒന്നാം വർഷ ബിഡിഎസ് വിദ്യാർഥി നിതിൻ രാജ് ആത്മഹത്യ ചെയ്ത കേസിൽ മൂന്നു മാസമായി ഒളിവിൽ കഴിയുന്ന ഒന്നാം പ്രതി ഡോ.എം.കെ. റാമിനെ തേടി ക്രൈംബ്രാഞ്ച് സംഘം ഇപ്പോഴും ആന്ധ്രയിൽ. കേസ് അന്വേഷിക്കുന്ന കണ്ണൂർ ക്രൈംബ്രാഞ്ചിലെ രണ്ട് ഉദ്യോഗസ്ഥരാണ് ഇപ്പോൾ ആന്ധ്രയിലുള്ളത്.

നേരത്തേ സിഐ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ആന്ധ്രയിൽ അന്വേഷണം നടത്തിയെങ്കിലും ഡോ. റാം മുൻകൂർ ജാമ്യാപേക്ഷയുമായി സുപ്രീംകോടതിയെ സമീപിച്ചതോടെ അന്വേഷണ സംഘത്തിലെ രണ്ടു പേർ ഒഴികെയുള്ളവർ കേരളത്തിലേക്കു മടങ്ങുകയായിരുന്നു. കഴിഞ്ഞ ഏപ്രിൽ 10നാണ് നിതിൻരാജ് കോളജ് കെട്ടിടത്തിൽനിന്ന് ചാടി മരിച്ചത്.

അനാട്ടമി വിഭാഗം മേധാവി ഡോ. എം.കെ. റാമുൾപ്പെടെയുള്ള അധ്യാപകരുടെ അധിക്ഷേപത്തിൽ മനംനൊന്താണ് നിതിൻരാജ് ജീവനൊടുക്കിയതെന്നാണ് ആരോപണം. അനാട്ടമി വിഭാഗം മേധാവി ഡോ. റാം മാനസികമായി പീഡിപ്പിക്കുന്നുണ്ടെന്ന് നിതിൻ രാജ് നേരത്തേ വീട്ടുകാരെ അറിയിച്ചിരുന്നു. ഡോ. റാമിനു പുറമേ അധ്യാപികയായ സംഗീത നമ്പ്യാരും കേസിലെ പ്രതിയാണ്.

സംഗീതയ്ക്ക് ഏപ്രിൽ 25ന് തലശേരി നാലാം അഡീഷണൽ ജില്ലാ കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ, ഒന്നാം പ്രതിയായ റാമിൻറെ ഹർജി പരിഗണിച്ച കോടതി കേസിൽ ജാതീയമായ അധിക്ഷേപം നടന്നതായി നിരീക്ഷിക്കുകയും ജാമ്യാപേക്ഷ തള്ളുകയുമായിരുന്നു.

ഹൈക്കോടതിയും മുൻകൂർ ജാമ്യം തള്ളിയതോടെയാണ് ഡോ. റാം സുപ്രീം കോടതിയെ സമീപിച്ചത്. നേരത്തേ മുൻകൂർ ജാമ്യം ലഭിച്ച ഡോ. സംഗീത ഇപ്പോൾ കോടതി നിർദേശപ്രകാരം ആഴ്ചയിൽ ഒരു ദിവസം അന്വേഷണ ഉദ്യോഗസ്ഥർക്ക് മുന്പാകെ ഹാജരാകുന്നുണ്ട്.

# ഇറാനുമേലുള്ള നാവിക ഉപരോധം പുനഃസ്ഥാപിച്ച് അമേരിക്ക

ദുബായ്: ഹോർമുസിനെച്ചൊല്ലി അമേരിക്കയും ഇറാനും തമ്മിൽ സംഘർഷം കനക്കുന്നതിനിടെ ഇറാനുമേലുള്ള നാവിക ഉപരോധം അമേരിക്ക പുനഃസ്ഥാപിച്ചു. ചരക്കുകപ്പലുകൾക്ക് 20 ശതമാനം ടോൾ ഏർപ്പെടുത്തുമെന്നും ഹോർമുസ് അമേരിക്ക കൈകാര്യം ചെയ്യുമെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് സമൂഹമാധ്യമത്തിൽ അറിയിച്ചു. 'ഇറാനുമേലുള്ള നാവിക ഉപരോധം പുനഃസ്ഥാപിച്ചു. ഇറാൻറെ കപ്പലുകൾ വരാനും പോകാനും അനുവദിക്കില്ല. മറ്റു രാജ്യങ്ങൾക്ക് ഹോർമുസ് കടലിടുക്ക് ഉപയോഗിക്കാം.

കപ്പലുകൾക്ക് സുരക്ഷയൊരുക്കുന്നതിനാണ് ടോൾ ഏർപ്പെടുത്തിയിരിക്കുന്നത് " ട്രംപ് അറിയിച്ചു.ഇന്നലെ ഇറാനിലെ ഒട്ടേറെ കേന്ദ്രങ്ങളിൽ യുഎസ് സേന ആക്രമണം നടത്തി. വ്യോമപ്രതിരോധ സംവിധാനം, റഡാർ കേന്ദ്രങ്ങൾ, മിസൈൽ ഡ്രോൺ സംവിധാനങ്ങൾ, ചെറു ബോട്ടുകൾ എന്നിവയുൾപ്പെടെയാണ് യുഎസ് ആക്രമണത്തിനിരയായത്.

ഇറാനുനേർക്ക് അമേരിക്ക സൂയിസൈഡ് ഡ്രോണുകൾ പ്രയോഗിച്ചു. ബഹറിൻ, കുവൈറ്റ്, ജോർദാൻ രാജ്യങ്ങളിലേക്ക് മിസൈൽ, ഡ്രോൺ ആക്രമണം നടത്തി ഇറാൻ തിരിച്ചടിച്ചു. ഒരാഴ്ചയ്ക്കിടെ നാലാം ദിവസമാണ് യുഎസ്ഇറാൻ സംഘർഷമുണ്ടായത്.

യുഎസ് ആക്രമണത്തിൽ തെക്കുപടിഞ്ഞാറൻ ഇറാനിലെ അബാദാനിൽ രണ്ടു പേർ കൊല്ലപ്പെട്ടു. ഹോർമോസ്ഗാൻ, ഖുസെസ്ഥാൻ, മർകാസി പ്രവിശ്യകളിൽ യുഎസ് ആക്രമണമുണ്ടായി. സാധാരണക്കാർക്കുനേരേ ഇറാൻ ആക്രമണം നടത്തിയെന്ന് ബഹറിൻ കുറ്റപ്പെടുത്തി.

കുവൈറ്റ് ഓയിൽ കമ്പനിയുടെ എണ്ണഖനന കേന്ദ്രത്തിനുനേരേയുണ്ടായ ആക്രമണത്തിൽ ഒരാൾക്ക് പരിക്കേറ്റു. കുവൈറ്റിൻറെ വടക്കൻ അതിർത്തിയിലേക്കും ഇറാൻ ആക്രമണം നടത്തി. ബഹറിനിലെയും കുവൈറ്റിലെയും യുഎസ് വ്യോമതാവളങ്ങളിൽ കനത്ത നാശമുണ്ടാക്കിയെന്ന് ഇറാൻ അവകാശപ്പെട്ടു.

ഹോർമുസ് കടലിടുക്ക് തങ്ങളുടെ അധീനതയിലുള്ളതാണെന്നും അവിടെ ഇടപെടാൻ അമേരിക്കയെ അനുവദിക്കില്ലെന്നും ഇറാൻറെ റവലൂഷണറി ഗാർഡ് പറഞ്ഞു. യുദ്ധത്തിനു മുന്പുള്ളതുപോലെ ഹോർമുസ് തുറക്കണമെന്ന് യൂറോപ്യൻ യൂണിയൻറെ ഉന്നത നേതാവ് കാജാ കല്ലാസ് ആവശ്യപ്പെട്ടു.

നിയന്ത്രണം കടുത്തതോടെ ഇതുവഴി ചുരുക്കം കപ്പലുകൾ മാത്രമാണു കടന്നുപോയത്. ഇതിനിടെ, ഇറാൻ നേതൃത്വത്തിൽ ഭിന്നത പ്രകടമായി. ചർച്ചയിൽ സമവായത്തിലെത്തണമെന്ന് ഭരണനേതൃത്വത്തിലെ ഒരുവിഭാഗം വാദിക്കുന്നു. അമേരിക്കയോടു പ്രതികാരം ചെയ്യണമെന്നാണ് റവലൂഷണറി ഗാർഡ് ആവശ്യപ്പെടുന്നത്.

# ആലപ്പുഴയിലെ രക്ഷാപ്രവർത്തനം; എസ്ഐടിയോട് കൂടുതൽ വിവരങ്ങൾ തേടി ഡിജിപി

ആലപ്പുഴ: ആലപ്പുഴയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ ഗൺമാൻമാർ മർദിച്ച സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘത്തോട് കൂടുതൽ വിവരങ്ങൾ തേടി ഡിജിപി. റിപ്പോർട്ടിൽ വ്യക്തത വരുത്തുന്നതിൻറെ ഭാഗമാണ് നടപടി. കേസ് ഡയറി അട്ടിമറിച്ചെന്ന ആരോപണത്തിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ നിയമപരമായി തിരിച്ചടിയാകരുതെന്ന് ഉറപ്പാക്കുന്നതിനായാണ് നീക്കം.

പ്രത്യേക അന്വേഷണസംഘം സമർപ്പിച്ച റിപ്പോർട്ട് ഡിജിപി ഇന്ന് ആഭ്യന്തരവകുപ്പിന് കൈമാറിയേക്കുമെന്നാണ് സൂചന. പൊലീസ് ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി കേസ് ഡയറി തിരുത്തിയ സംഭവത്തിൽ എഡിജിപി എം.ആർ.അജിത് കുമാറിനും വീഴ്ച പറ്റിയിട്ടുണ്ടെന്നാണ് ഡിജിപിയുടെ വിലയിരുത്തൽ.

റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അജിത് കുമാറിനെതിരെ ആഭ്യന്തരവകുപ്പ് ഉചിതമായ നടപടി കൈക്കൊണ്ടേക്കും. അട്ടിമറിക്ക് ഒത്താശ ചെയ്ത അജിത് കുമാറിന്റെ ഓഫീസിലെ മറ്റ് രണ്ട് ഉദ്യോഗസ്ഥരും നിലവിൽ നടപടി നേരിടേണ്ടി വരുമെന്നാണ് വിവരം. ഇവരുടെ നേതൃത്വത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥരെ വിളിച്ച് വരുത്തിയതും കേസ് ഡയറി തിരുത്തിയതും. യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദിച്ച കേസിൽ ഗൺമാൻ അനിൽ കുമാർ ഉൾപ്പെടെയുള്ളവരെ എസ്ഐടി ചോദ്യം ചെയ്തിരുന്നു.

# ഇറാനിൽ സ്ഫോടന പരമ്പര; പിക്കാക്സ് ആണവകേന്ദ്രം ആക്രമിക്കുമെന്ന് ട്രംപ്

വാഷിംഗ്ടൺ: പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമാകുന്നതിനിടെ നിർണായക പ്രഖ്യാപനവുമായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇറാൻറെ പിക്കാക്സ് ആണവകേന്ദ്രം ആക്രമിക്കുമെന്നും ആക്രമണം നേരിടാൻ ഇറാനോട് തയാറായിരിക്കാനും ട്രംപ് വ്യക്തമാക്കി. മധ്യ ഇറാനിലെ സാഗ്രോസ് പർവത നിരകളിൽ ഭൂമിക്കടിയിൽ അതീവ സുരക്ഷയോടെ സ്ഥിതി ചെയ്യുന്ന ആണവകേന്ദ്രമാണ് പിക്കാക്സ് മൗണ്ടൻ.

ഈ ഭീഷണിക്ക് തൊട്ടുപിന്നാലെ ഇറാനിൽ അമേരിക്കൻ സൈന്യം ആക്രമണം കടുപ്പിച്ചു. തുടർച്ചയായ മൂന്നാമത്തെ രാത്രിയും ഇറാനെ ലക്ഷ്യമിട്ട് വ്യോമാക്രമണം തുടങ്ങിയതായി യുഎസ് സെൻട്രൽ കമാൻഡ് സ്ഥിരീകരിച്ചു. ഇറാനിലെ തന്ത്രപ്രധാന തുറമുഖ നഗരമായ ബന്ദർ അബ്ബാസ്, കിഷ് ദ്വീപ്, ജാം, ഖേഷം ദ്വീപ് എന്നിവിടങ്ങളിൽ കനത്ത സ്ഫോടനങ്ങൾ തുടരുകയാണെന്ന് ഇറാനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഹോർമുസ് കടലിടുക്കിൽ കടുത്ത ഉപരോധമേർപ്പെടുത്തിയതിനു തൊട്ടുപിന്നാലെയാണ് ഈ പുതിയ നീക്കം. ചൊവ്വാഴ്ച മുതൽ നിലവിൽ വരുന്ന ഉപരോധത്തിൻറെ ഭാഗമായി ഹോർമുസിലൂടെയുള്ള വാണിജ്യ കപ്പലുകൾ 20 ശതമാനം ഫീസ് നൽകണമെന്നും ട്രംപ് പറഞ്ഞു. ഹോർമുസ് കടലിടുക്കിൽ സാധാരണക്കാർക്കും വാണിജ്യ കപ്പലുകൾക്കും നേരെ ആക്രമണം നടത്താനുള്ള ഇറാൻറെ ശേഷിയെ ദുർബലപ്പെടുത്തുകയാണ് തങ്ങളുടെ ലക്ഷ്യം.

ഇറാനുള്ള കനത്ത തിരിച്ചടി വരുംദിവസങ്ങളിലും തുടരുമെന്നും യുഎസ് സെൻട്രൽ കമാൻഡ് വ്യക്തമാക്കി. യുഎസിൻറെ കടുത്ത നീക്കത്തോടെ പശ്ചിമേഷ്യ പൂർണമായൊരു യുദ്ധത്തിലേക്ക് നീങ്ങുകയാണെന്ന ആശങ്കയിലാണ് രാജ്യാന്തര സമൂഹം.

# സീറോമലബാർ സിറിയൻ കാത്തലിക് വിദ്യാർഥികൾ ആശങ്കയിൽ

ചമ്പക്കുളം: സീറോമലബാർ സിറിയൻ കാത്തലിക് വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് കമ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിനാൽ ഉന്നതപഠനത്തിനും മത്സരപരീക്ഷകൾക്കും അപേക്ഷിക്കാൻ തടസം നേരിടുന്നതായി പരാതി. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റുകളിൽ സീറോ മലബാർ സിറിയൻ കാത്തലിക് എന്ന് മാത്രം ചേർത്തിരിക്കുന്നത് ഈ വിഭാഗത്തിലെ കുട്ടികൾക്ക് അപേക്ഷ സമർപ്പിക്കാനും തടസമാകുന്നു.

സീറോമലബാർ സമുദായ അംഗങ്ങളായിട്ടുള്ള സുറിയാനി കത്തോലിക്കരുടെ സമുദായപ്പേര് സീറോ മലബാർ സിറിയൻ കാത്തലിക് എന്ന് 2023 ജൂലൈ എട്ടിനാണ് സർക്കാർ ഉത്തരവിറക്കിയത്.

ഈ ഉത്തരവ് ഇറങ്ങിയതിനുശേഷം വിദ്യാലയങ്ങളിൽ ചേർന്ന കുട്ടികളുടെ പേരിനൊപ്പം ജാതി/ സമുദായം ഇപ്രകാരം ചേർത്തുവരുന്നുണ്ട്.ഇതിന് മുൻപ് ഈ സമുദായത്തിൽപെട്ട കുട്ടികളുടെയും മുതിർന്നവരുടെയും സ്കൂൾ രേഖകളിലെല്ലാം റോമൻ കാത്തലിക് (ആർസി), റോമൻ കാത്തലിക് സിറിയൻ ക്രിസ്ത്യൻ (ആർസിഎസ്സി) എന്നിങ്ങനെ വ!്യത!്യസ്തമായിട്ടാണ് ചേർത്തിരുന്നത്. ഇതാണ് ഇപ്പോൾ ഉന്നതവിദ്യാഭ്യാസത്തിനായി ശ്രമിക്കുന്ന ഈ വിഭാഗത്തിലെ കുട്ടികളുടെ പ്രവേശനത്തിനും അപേക്ഷ സമർപ്പണത്തിനും തടസമായിരിക്കുന്നത്.സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സമുദായത്തിൻറെ പേരുമാറ്റം വന്നതോടെ ബന്ധപ്പെട്ട റവന്യു അധികാരികൾ ഈ വിഭാഗത്തിലെ അപേക്ഷകർക്ക് സീറോ മലബാർ സിറിയൻ കാത്തലിക് എന്ന് സാക്ഷ്യപത്രം നല്കാൻ തയാറാകുന്നില്ല. സീറോ മലബാർ സിറിയൻ കാത്തലിക് എന്ന് രേഖപ്പെടുത്തിയ സ്കൂൾ രേഖകളാണ് സാക്ഷ്യപത്രം നൽകാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർ അപേക്ഷകരോട് ആവശ്യപ്പെടുന്നത്. ഇത് മൂലം ഇഡബ്ല!്യുഎസ് സംവരണവും നഷ്ടപ്പെടുന്ന സാഹചര്യമാണ്.

# ട്രംപ്, നെതന്യാഹു, മാക്രോൺ, സ്റ്റാർമർ തുടങ്ങിയവരെ വധിക്കും; ഹിറ്റ്ലിസ്റ്റുമായി ഇറാൻ

ടെഹ്റാൻ: ഇറാൻ പരമാധികാരി ആയത്തുള്ള അലി ഖമനയ്യുടെ വധത്തിനു പ്രതികാരം ചെയ്യേണ്ട ലോക നേതാക്കളുടെ ഹിറ്റ് ലിസ്റ്റ് പുറത്തുവിട്ട് ഇറാൻ ഔദ്യോഗിക പത്രം. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്, ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു എന്നിവരുൾപ്പെടെ പതിമൂന്ന് ആഗോള നേതാക്കളുടെ ചിത്രങ്ങളടങ്ങിയ റിപ്പോർട്ട് ആണ് ഇറാൻ തലസ്ഥാനത്തുനിന്നു പ്രസിദ്ധീകരിക്കുന്ന കൺസർവേറ്റീവ് ദിനപത്രമായ, ഹംഷാഹ്രി ഓൺലൈനിലൂടെ പുറത്തുവിട്ടത്.

ഫെബ്രുവരി 28ന് യുഎസ്ഇസ്രയേൽ സഖ്യം നടത്തിയ വ്യോമാക്രമണത്തിലാണ് ഖമനയ് കൊല്ലപ്പെട്ടത്. തുടർന്ന് അദ്ദേഹത്തിൻറെ മകനും പിൻഗാമിയുമായ മുജ്തബ ഖമനയ് കണക്കുചോദിക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. ഇതിനു പിന്നാലെയാണു ഹിറ്റ് ലിസ്റ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

പ്രതികാരം തങ്ങളുടെ രാജ്യത്തിൻറെ ആവശ്യമാണെന്നും ലിസ്റ്റിലുള്ള കുറ്റവാളികൾക്കു സമാധാനപരമായ മരണം ഉണ്ടാകില്ലെന്നും ഖമനയ്യുടെ സംസ്കാര ചടങ്ങുകൾക്കുശേഷം നൽകിയ സന്ദേശത്തിൽ മുജതബ വ്യക്തമാക്കിയിരുന്നു. ട്രംപിനും നെതന്യാഹുവിനും പുറമെ ബ്രിട്ടീഷ് പ്രധാനമന്ത്രി കീർ സ്റ്റാർമർ, ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോൺ, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, ജർമൻ ചാൻസലർ ഫ്രീഡ്രിക്ക് മെർസ് എന്നിവരും ഇറാൻറെ ഹിറ്റ് ലിസ്റ്റിലുണ്ട്. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് എന്നിവരും പട്ടികയിൽ ഉൾപ്പെടുന്നു. എന്നാൽ, പത്രം പുറത്തുവിട്ട ഈ ലിസ്റ്റിന് ഇറാൻറെ ഔദ്യോഗിക ഭരണകൂടത്തിൻറെ അംഗീകാരമുണ്ടോ എന്നതു വ്യക്തമല്ല.

തങ്ങളുടെ രാജ്യത്തിനു നേരേ നടന്ന ആക്രമണങ്ങളെ അപലപിക്കാൻ യൂറോപ്യൻ രാജ്യങ്ങൾ തയാറായില്ലെന്നും യുഎസ് സൈനിക വിമാനങ്ങൾക്ക് തങ്ങളുടെ വ്യോമപാത തുറന്നുനൽകി അവർ ആക്രമണത്തിനു കൂട്ടുനിന്നെന്നും യുദ്ധത്തിനിടയിൽ ഇറാൻ ആരോപിച്ചിരുന്നു. ഖമനയ് കൊല്ലപ്പെട്ട ആക്രമണത്തിൽ മുജ്തബയ്ക്കും പരിക്കേറ്റിരുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. യുദ്ധം തുടങ്ങിയ ശേഷം മുജ്തബ ഇതുവരെ പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല.

## അപേക്ഷ ക്ഷണിച്ചു

കിറ്റ്സിന്റെ തിരുവനന്തപുരം ക്യാമ്പസിൽ ജൂലൈ മാസം ആരംഭിക്കുന്ന ആറു മാസ എയർപോർട്ട്/ലോജിസ്റ്റിക്സ് മാനേജ്മെന്റ് ഡിപ്ലോമ കോഴ്സുകളിലേക്ക് പ്ലസ് ടു/ഡിഗ്രി വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ലോജിസ്റ്റിക്സ് കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സ്റ്റൈപെൻഡോടു കൂടിയ അപ്രെന്റിസ്ഷിപ് ഇന്ത്യയിലെ പ്രമുഖ ലോജിസ്റ്റിക്സ് കമ്പനികളിൽ നല്കും. അപേക്ഷകൾ www.kittsedu.org എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 15. കൂടുതൽ വിവരങ്ങൾക്ക്: 9567869722.

## തൊപ്പിക്കെതിരെ നിർണായക നീക്കവുമായിപോലീസ്; സുഹൃത്തുക്കളെ ചോദ്യം ചെയ്തേക്കും

കൊച്ചി: സാമൂഹ്യമാധ്യമങ്ങളിലൂടെ അശ്ലീലദൃശ്യങ്ങൾ പ്രചരിപ്പിച്ചെന്ന കേസിൽ തൊപ്പി എന്ന മുഹമ്മദ് നിഹാദിൻറെ യൂട്യൂബ് ചാനൽ നീക്കം ചെയ്തതിന് പിന്നാലെ നിർണായക നീക്കവുമായി പോലീസ്. കേസിൽ തൊപ്പിയുടെ സുഹൃത്തുക്കളെ ചോദ്യം ചെയ്യാനാണ് പോലീസ് തീരുമാനം.

എറണാകുളത്തുണ്ടായിരുന്ന തൊപ്പി കേസിന് പിന്നാലെ ജില്ല വിട്ടതായാണ് പോലീസിൻറെ നിഗമനം. ഇയാളുടെ സുഹൃത്തുക്കളും അന്വേഷണവുമായി സഹകരിക്കുന്നില്ലെന്ന് പോലീസ് പറയുന്നു. കഴിഞ്ഞ ദിവസമാണ് നിഹാദിൻറെ യൂട്യൂബ് ചാനൽ പോലീസ് ഇടപെട്ട് പൂട്ടിച്ചത്.

പോലീസ് റിപ്പോർട്ടിനെ തുടർന്നായിരുന്നു നടപടി. മുഹമ്മദ് നിഹാദിൻറെ മുൻകൂർജാമ്യാപേക്ഷയെയും പോലീസ് റിപ്പോർട്ടിൽ എതിർത്തിരുന്നു. അഭിഭാഷകൻ ശ്രീജിത്ത് പെരുമന നൽകിയ പരാതിയിൽ നേരത്തെ തൊപ്പിക്കെതിരെ അന്വേഷണം തുടങ്ങിയിരുന്നു.

എറണാകുളം റൂറൽ സൈബർ പോലീസാണ് ഐടി നിയമപ്രകാരം കേസെടുത്തത്. സുഹൃത്തുകളുടെ നഗ്ന വീഡിയോയാണ് തൊപ്പി പോസ്റ്റ് ചെയ്തതെന്ന് എഫ്ഐആറിൽ പറയുന്നു.

## മദ്യപിച്ച് ഡ്രൈവിംഗ്; 29 സ്കൂൾ ബസ് ഡ്രൈവർമാർ പിടിയിൽ

കൊച്ചി: ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി സ്കൂൾ, കോളജ് ബസുകളുടെ ഡ്രൈവർമാരെ ലക്ഷ്യമിട്ടു മിന്നൽ പരിശോധന. മദ്യപിച്ചു വാഹനമോടിച്ച 29 പേർക്കെതിരേ കേസെടുത്തു. എറണാകുളം റേഞ്ച് ഡിഐജിയുടെ നിർദേശത്തെത്തുടർന്ന് എറണാകുളം റേഞ്ച് തലത്തിൽ എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലായിരുന്നു പരിശോധന.

# ബദരീനാഥ് വഴിപാട് മോഷണം: ഉന്നതതല അന്വേഷണം ഇന്ന് തുടങ്ങും

ഡെറാഡൂൺ: ബദരീനാഥ് ക്ഷേത്രത്തിലെ വഴിപാട് തുക മോഷണം പോയ സംഭവത്തിൽ അന്വേഷണം നടത്താൻ സർക്കാർ നിയോഗിച്ച ഉന്നതതല അന്വേഷണ സമിതി ഇന്ന് ബദരീനാഥിൽ എത്തും. കമ്മീഷണർ ആനന്ദ് സ്വരൂപിൻറെ നേതൃത്വത്തിലുള്ള സമിതിയാണ് സംഭവസ്ഥലത്ത് നേരിട്ടെത്തി പരിശോധന നടത്തുക.

ക്ഷേത്രസമുച്ചയം, വഴിപാട് എണ്ണുന്ന മുറി, സിസിടിവി സംവിധാനങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ സമിതി പരിശോധിക്കും. സംഭരണശാലകൾ, രേഖകൾ, ബാങ്കിൽ തുക നിക്ഷേപിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളും സമിതിയുടെ പരിശോധനാ പരിധിയിൽ വരും. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ബദരീനാഥ്കേദാർനാഥ് ക്ഷേത്ര സമിതി ഭാരവാഹികളെയും സമിതി ചോദ്യം ചെയ്തേക്കും.

നിലവിൽ, മോഷണവുമായി ബന്ധപ്പെട്ട് പ്രമോദ് നൗട്ടിയാൽ എന്ന വ്യക്തിയെ എസ്ഐടി അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇയാളെ ചോദ്യം ചെയ്തതിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തുന്നു. ക്ഷേത്രത്തിലെ വഴിപാട് തുക കൈകാര്യം ചെയ്യുന്നതിൽ ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചനയോ വലിയൊരു സംഘത്തിൻറെ ഇടപെടലോ നടന്നിട്ടുണ്ടോ എന്നും ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്.

## വീടുകയറി ആക്രമണം: ഗൃഹനാഥൻറെ പരാതിയിൽ മരുമകനും സുഹൃത്തുക്കൾക്കുമെതിരെ കേസ്

കൊച്ചി: എറണാകുളം ചെറായിൽ വാക്കുതർക്കത്തെ തുടർന്ന് ആക്രമണത്തിനിരയായെന്ന ഗൃഹനാഥൻറെ പരാതിയിൽ മരുമകനും സുഹൃത്തുക്കൾക്കുമെതിരെ മുനമ്പം പോലീസ് കേസെടുത്തു.

ചെറായി കരുത്തല കളപ്പുരക്കൽ ദിനേശൻറെ പരാതിയിൽ പറവൂർ ചെറിയ പല്ലംതുരുത്ത് സ്വദേശി ബാബുരാജ്, സുഹൃത്തുക്കളായ വിഷ്ണു, പ്രവി എന്നിവർക്കെതിരെയാണ് കേസെടുത്തത്.

ഫോൺ വിളിക്കുന്നതിനിടെ തർക്കം ഉണ്ടാവുകയും തുടർന്ന് ബാബുരാജും സുഹൃത്തുക്കളും കഴിഞ്ഞ ദിവസം ദിനേശൻറെ വീട്ടിലെത്തി കത്തി കൊണ്ടും പൈപ്പ് കൊണ്ടും ആക്രമിക്കുകയായിരുന്നു. വീടിൻറെ ജനൽ ചില്ല് അടിച്ചു തകർക്കുകയും ചെയ്തെന്ന് പരാതിയിൽ പറയുന്നു.

# ജന്തർ മന്തറിലെ സമരം: വാംഗ്ചുക്കിൻെറ ആരോഗ്യനിലയിൽ ആശങ്ക, കുറഞ്ഞത് എട്ട് കിലോയിൽ അധികം

ന്യൂഡൽഹി: പരീക്ഷാ ക്രമക്കേടുകൾക്കെതിരെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻറെ രാജി ആവശ്യപ്പെട്ടും 'കോക്രോച്ച് ജനതാ പാർട്ടി' ജന്തർ മന്തറിൽ നടത്തിവരുന്ന അനിശ്ചിതകാല നിരാഹാര സമരം തുടരുന്നു. സമരത്തിൽ പങ്കെടുക്കുന്ന പരിസ്ഥിതി പ്രവർത്തകൻ സോനം വാംഗ്ചുക്കിൻറെ ആരോഗ്യനിലയിൽ വലിയ ആശങ്കയാണ് സിജെപി പ്രവർത്തകർ പങ്കുവെയ്ക്കുന്നത്.

കഴിഞ്ഞ 16 ദിവസമായി നീളുന്ന നിരാഹാരത്തിനിടയിൽ അദ്ദേഹത്തിൻറെ ശരീരഭാരം 8.25 കിലോ കുറഞ്ഞു. രക്തത്തിലെ പഞ്ചസാരയുടെ അളവും താഴേക്ക് വരുന്നതായും, കടുത്ത ക്ഷീണവും പേശികളുടെ ബലക്ഷയവും അദ്ദേഹത്തെ ബാധിച്ചിട്ടുണ്ടെന്നും സിജെപി വ്യക്തമാക്കി. സമരത്തിൽ പങ്കെടുത്ത ഓൾ ഇന്ത്യ സ്റ്റുഡൻറ്സ് അസോസിയേഷൻ പ്രവർത്തകനായ ഒരു വിദ്യാർത്ഥിയെ ഇതിനോടകം തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സമരത്തോട് കേന്ദ്രം ഇതുവരെ ഒരു ചർച്ചയ്ക്കും തയ്യാറായിട്ടില്ലെന്ന് സിജെപി നേതാക്കൾ ആരോപിച്ചു. പ്രധാനമന്ത്രിയുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും ഭാഗത്തുനിന്നുള്ള ഈ അവഗണനയ്ക്കെതിരെ പ്രതിഷേധം ശക്തമാക്കാനാണ് സിജെപിയുടെ തീരുമാനം. ജൂലൈ 20ന് പാർലമെൻറിലേക്ക് സമാധാനപരമായ മാർച്ച് നടത്തുമെന്നും സംഘടന അറിയിച്ചിട്ടുണ്ട്.

# എൻഎസ്എസിനെയും ജനറൽ സെക്രട്ടറിയെയും ബഹുമാനിക്കുന്നു : രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: എൻഎസ്എസിനെയും ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരെയും ബിജെപി ഏറെ ബഹുമാനിക്കുന്നുവെന്നു പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ.

എൻഎസ്എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായർക്കെതിരേ ബിജെപി എന്ന തരത്തിൽ ചിലർ പ്രചരിപ്പിക്കുന്ന വാർത്തകൾ സത്യവിരുദ്ധവും വസ്തുതാവിരുദ്ധവുമാണ്. എൻഎസ്എസിൻറെ ആഭ്യന്തര കാര്യങ്ങളിൽ ഒരുകാലത്തും ബിജെപി ഇടപെട്ടിട്ടില്ല. എൻഎസ്എസിനെ വളരെ മാനിക്കുന്ന പാർട്ടിയാണു ബിജെപിയെന്നും അദ്ദേഹം പറഞ്ഞു.

## സിസ്റ്റർ മോളി ആട്ടുള്ളി കെആർഎൽസിസി വൈസ് പ്രസിഡൻറ്

കൊച്ചി: കെആർഎൽസിസി വൈസ് പ്രസിഡൻറായി കോൺഗ്രിഗേഷൻ ഓഫ് ദ കാർമലൈറ്റ് റിലീജിയസ് (സിസിആർ) സന്യാസിനീ സഭയുടെ സുപ്പീരിയർ ജനറൽ സിസ്റ്റർ മോളി ആട്ടുള്ളി നിയമിതയായി.

കൊച്ചിയിൽ നടന്ന കേരള ലത്തീൻ മെത്രാൻ സമിതിയുടെയും കെആർഎൽസിസി യുടെയും സംയുക്ത സമ്മേളനത്തിലായിരുന്നു നിയമനം.2023 മുതൽ സിസിആർ സുപ്പീരിയർ ജനറലായി പ്രവർത്തിച്ചുവരുന്ന സിസ്റ്റർ മോളി നേരത്തേ ജനറൽ കൗൺസിലറായും അസി. ജനറലായും സേവനം ചെയ്തു. ഗുജറാത്ത്, യുപി, മുംബൈ, തിരുവനന്തപുരം എന്നിവിടങ്ങളിൽ അധ്യാപികയായും സ്ഥാപന മേധാവിയായും പ്രവർത്തിച്ചിട്ടുണ്ട്.

# കടലിടുക്കിൻറെ കാവൽക്കാർ ഞങ്ങൾ തന്നെ; ട്രംപിനെ വെല്ലുവിളിച്ച് ഇറാൻ

ടെഹ്റാൻ: പശ്ചിമേഷ്യയെ സമ്പൂർണ യുദ്ധത്തിലേക്ക് തള്ളിവിട്ട് അമേരിക്കൻ കപ്പലിന് നേരെ ഇറാൻ ആക്രമണം. ഹോർമുസ് കടലിടുക്കിൽ യുഎസ് ഏർപ്പെടുത്തിയ കടുത്ത ഉപരോധം ഇന്ന് നിലവിൽ വരാനിരിക്കെയാണ് മേഖലയെ പിടിച്ചുകുലുക്കിയ പുതിയ സംഭവവികാസങ്ങൾ.

ഇറാന് കനത്ത പ്രഹരമേൽപ്പിക്കുമെന്നും ഹോർമുസിൽ ആക്രമണം നടത്താനുള്ള അവരുടെ ശേഷി ദുർബലപ്പെടുത്തുമെന്നും യുഎസ് സെൻട്രൽ കമാൻഡ് അവകാശപ്പെട്ടിരുന്നു. ഇതിനു തൊട്ടുപിന്നാലെയാണ് അമേരിക്കൻ കപ്പൽ ആക്രമിച്ചതായി ഇറാൻ അവകാശപ്പെട്ടത്.

അതിനിടെ മധ്യ ഇറാനിലെ സാഗ്രോസ് പർവത നിരകളിൽ ഭൂമിക്കടിയിൽ സ്ഥിതി ചെയ്യുന്ന അതീവ സുരക്ഷിതമായ പിക്കാക്സ് ആണവകേന്ദ്രം ആക്രമിക്കുമെന്ന കടുത്ത ഭീഷണിയുമായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് രംഗത്തെത്തി. ഒരു പ്രമുഖ ചാനലിന് നൽകിയ അഭിമുഖത്തിലാണ് ട്രംപ് നിലപാട് വ്യക്തമാക്കിയത്.

എന്നാൽ ട്രംപിൻറെ ഭീഷണിക്ക് മുന്നിൽ വഴങ്ങില്ലെന്ന കടുത്ത നിലപാടിലാണ് ഇറാൻ. കടലിടുക്കിൻറെ കാവൽക്കാർ തങ്ങളായിരിക്കുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി പറഞ്ഞു. മേഖലയിലെ യുദ്ധസമാനമായ അന്തരീക്ഷം വഷളാക്കിക്കൊണ്ട് യെമനിൽ ഹൂതികളുടെ നിയന്ത്രണത്തിലുള്ള സന വിമാനത്താവളത്തിനുനേരെയും കനത്ത ആക്രമണമുണ്ടായി.

ആക്രമണത്തിൻറെ ഉത്തരവാദിത്വം സൗദി അറേബ്യയുടെ പിന്തുണയുള്ള യെമൻ സർക്കാർ ഏറ്റെടുത്തു. ഇറാനിൽ നിന്നുള്ള വിമാനങ്ങൾ യെമനിൽ ഇറങ്ങുന്നത് തടയാനാണ് വിമാനത്താവളത്തിന് നേരെ അടിയന്തര ആക്രമണം നടത്തിയതെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി.

# വർക്കല ഗവ. ജില്ലാ ആയുർവേദ ആശുപത്രിയിൽ വാക്ക് ഇൻ ഇന്റർവ്യൂ

വർക്കല ഗവ. ജില്ലാ ആയുർവേദ ആശുപത്രിയിൽ ദിവസവേതന അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ നിയമനത്തിനായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഫിസിയോതെറാപ്പിസ്റ്റ് (ഒരു ഒഴിവ്), ആയുർവേദ തെറാപ്പിസ്റ്റ് (സ്ത്രീ - രണ്ട് ഒഴിവ്), പഞ്ചകർമ്മ അറ്റൻഡർ (സ്ത്രീ - മൂന്ന് ഒഴിവ്), സാനിറ്റേഷൻ വർക്കർ (രണ്ട് ഒഴിവ്) എന്നീ തസ്തികകളിലേക്കാണ് നിയമനം.

ഫിസിയോതെറാപ്പിസ്റ്റ് തസ്തികയ്ക്ക് അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ഫിസിയോതെറാപ്പിയിൽ ബിരുദം/ബിരുദാനന്തര ബിരുദമാണ് യോഗ്യത. ആയുർവേദ തെറാപ്പിസ്റ്റ് തസ്തികയ്ക്ക് കേരള സർക്കാർ നടത്തുന്ന ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ് വിജയിച്ചിരിക്കണം. പഞ്ചകർമ്മ അറ്റൻഡർ തസ്തികയ്ക്ക് എസ്.എസ്.എൽ.സി.യും പഞ്ചകർമ്മ കോഴ്സും (സ്വകാര്യ സ്ഥാപനങ്ങളിലെ കോഴ്സും പരിഗണിക്കും) യോഗ്യതയാണ്. സാനിറ്റേഷൻ വർക്കർ തസ്തികയ്ക്ക് എസ്.എസ്.എൽ.സി.യാണ് യോഗ്യത. ദിവസവേതനം യഥാക്രമം 625 രൂപ, 575 രൂപ, 550 രൂപ, 500 രൂപ എന്നിങ്ങനെയാണ്.

ഇന്റർവ്യൂ ജൂലൈ 22-ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രവർത്തിക്കുന്ന കോൺഫറൻസ് ഹാളിൽ നടക്കും. ഫിസിയോതെറാപ്പിസ്റ്റ് തസ്തികയ്ക്കുള്ള ഇന്റർവ്യൂ രാവിലെ 10 മണിക്കും, ആയുർവേദ തെറാപ്പിസ്റ്റ്, പഞ്ചകർമ്മ അറ്റൻഡർ തസ്തികകളിലേക്കുള്ള ഇന്റർവ്യൂ ഉച്ചയ്ക്ക് 12 മണിക്കും, സാനിറ്റേഷൻ വർക്കർ തസ്തികയ്ക്കുള്ള ഇന്റർവ്യൂ ഉച്ചയ്ക്ക് 2 മണിക്കും ആരംഭിക്കും. ഉദ്യോഗാർഥികൾ അപേക്ഷ, അസൽ സർട്ടിഫിക്കറ്റുകൾ, അവയുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പ്രായം തെളിയിക്കുന്ന രേഖ എന്നിവ സഹിതം നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ വർക്കല ഗവ. ജില്ലാ ആയുർവേദ ആശുപത്രിയുമായി ബന്ധപ്പെടാം. ഫോൺ: 0470 2605363.

# ഇന്ത്യക്കാരൻ കൊല്ലപ്പെട്ട സംഭവം: ഇറാനെ അതൃപ്തി അറിയിച്ച് ഇന്ത്യ, നയതന്ത്രപ്രതിനിധിയെ വിളിച്ചുവരുത്തി

ന്യൂഡൽഹി: ഒമാൻ തീരത്തിന് സമീപം യുഎഇ എണ്ണക്കപ്പലുകൾക്ക് നേരെയുണ്ടായ മിസൈൽ ആക്രമണത്തിൽ ഇന്ത്യൻ നാവികൻ കൊല്ലപ്പെട്ട സംഭവത്തിൽ ഇറാനെതിരെ ശക്തമായ നിലപാടുമായി ഇന്ത്യ.

സംഭവത്തിൽ രാജ്യാന്തര തലത്തിൽ തന്നെ പ്രതിഷേധം ശക്തമാകുന്നതിനിടെ, ഇന്ത്യയിലെ ഇറാൻറെ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ മുഹമ്മദ് ജവാദ് ഹുസൈനിയെ വിദേശകാര്യ മന്ത്രാലയം വിളിച്ചുവരുത്തി ഔദ്യോഗികമായി അതൃപ്തി അറിയിച്ചു.

തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിന് സമീപമുള്ള തെക്കൻ കപ്പൽ പാതയിലൂടെ കടന്നുപോകുകയായിരുന്ന യുഎഇയുടെ 'മൊംബാസ', 'അൽ ബഹിയ' എന്നീ കപ്പലുകൾക്ക് നേരെയാണ് ഇറാൻറെ ക്രൂയിസ് മിസൈൽ ആക്രമണമുണ്ടായത്. ആക്രമണത്തിൽ കപ്പലിലുണ്ടായിരുന്ന ഒരു ഇന്ത്യൻ നാവികൻ കൊല്ലപ്പെടുകയും, ആറ് ഇന്ത്യക്കാരും രണ്ട് യുക്രെയിൻ പൗരന്മാരുമടക്കം എട്ടുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരുന്നു.

അന്താരാഷ്ട്ര കപ്പൽ പാതകളുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഇത്തരം നീക്കങ്ങൾ യാതൊരു കാരണവശാലും അംഗീകരിക്കാനാകില്ലെന്ന് വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി. ഇന്ത്യൻ പൗരന്മാരുടെ ജീവന് ഭീഷണിയുയർത്തുന്ന ഇത്തരം ആക്രമണങ്ങളെക്കുറിച്ച് അടിയന്തരമായി വിശദീകരണം നൽകണമെന്നും, കുറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകണമെന്നും ഇന്ത്യ ഇറാനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വരും ദിവസങ്ങളിൽ ഈ വിഷയത്തിൽ കൂടുതൽ നയതന്ത്ര ചർച്ചകൾ ഉണ്ടായേക്കുമെന്നാണ് സൂചന.

## കാട്ടാന ആക്രമണം: മാധ്യമപ്രവർത്തകൻ തലനാരിഴയ്ക്ക് രക്ഷപ്പെട്ടു

കൽപ്പറ്റ: കാട്ടാന ആക്രമണത്തിൽനിന്നു മാധ്യമപ്രവർത്തകൻ തലനാരിഴയ്ക്ക് രക്ഷപ്പെട്ടു. അമൃത ന്യൂസ് വയനാട് ലേഖകൻ രതീഷ് കുഞ്ചത്തൂരാണ് കഴിഞ്ഞരാത്രി എട്ടരയോടെ ജോലി കഴിഞ്ഞ് സ്കൂട്ടറിൽ വീട്ടിലേക്ക് പോകുന്നതിനിടെ ആനയുടെ മുമ്പിൽപ്പെട്ടത്.

ചുണ്ടേൽഒലിവുമല റോഡിലെ ചുണ്ടവയൽ അയനിമട്ടം ഭാഗത്താണ് സംഭവം. വഴിയരികിൽ മറഞ്ഞുനിന്ന ആന സ്കൂട്ടറിനുനേരേ പാഞ്ഞടുക്കുകയായിരുന്നു. ഇത് കണ്ടയുടൻ രതീഷ് സ്കൂട്ടർ ഉപേക്ഷിച്ച് സമീപത്തെ വീട്ടിലേയ്ക്ക് ഓടിക്കയറിയതാണ് രക്ഷയായത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ഫിഷറീസ് മന്ത്രി അഡ്വ വി ഇ അബ്ദുൾ ഗഫൂർ രണ്ടാമത് അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസ് ആൻഡ് എക്സ്പോ 2027ന്റെ ലോഗോ പ്രകാശനം ചെയ്യുന്നു

# രണ്ടാമത് അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസ്സ് & എക്സ്പോ 2027ന്റെ ലോഗോയും ബ്രോഷറും പ്രകാശനം ചെയ്തു

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല സംഘടിപ്പിക്കുന്ന രണ്ടാമത് അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസ്സ് & എക്സ്പോ 2027 ന്റെ ലോഗോയും ബ്രോഷറും, സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ വി. എ. അബ്ദുൾ ഗഫൂർ 2026 ജൂലൈ 13ന് രാവിലെ 10.00 മണിക്ക് കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ വച്ച് ഔദ്യോഗികമായി പ്രകാശനം ചെയ്തു.

കുഫോസിലെ ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ് ഉം, കോളേജ് ഓഫ് ഫിഷറീസ് പനങ്ങാട് അലുമ്നി അസോസിയേഷനും, സംയുക്തമായി സംഘടിപ്പിക്കുന്ന ഈ പരിപാടിയുടെ ഔദ്യോഗിക പ്രചാരണ പരിപാടികൾക്ക് ഇതോടെ തുടക്കമായി.

മത്സ്യബന്ധനഅക്വാകൾച്ചർ മേഖലകളിലെ ഏറ്റവും പുതിയ ഗവേഷണ പുരോഗതികൾ, നൂതന സാങ്കേതികവിദ്യകൾ, സുസ്ഥിര വികസന ആശയങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ, ഗവേഷകർ, അധ്യാപകർ, വ്യവസായ പ്രമുഖർ, നയരൂപീകരണ വിദഗ്ധർ, മത്സ്യമേഖലയിലെ പ്രൊഫഷണലുകൾ, കർഷകർ എന്നിവർ പങ്കെടുക്കുന്ന അഭിമാനകരമായ ഒരു അന്താരാഷ്ട്ര വേദിയായിരിക്കും ഈ കോൺഗ്രസും എക്സ്പോയും. ചടങ്ങിൽ തൃപ്പുണിത്തുറ എം.എൽ.എ അഡ്വക്കേറ്റ് ദീപക് ജോയ്, കുഫോസ് വൈസ് ചാൻസലർ ഡോ. എ ബിജു കുമാർ, രജിസ്ട്രാർ ദിനേശ് , ജിജോ ഇട്ടൂപ്പ് , ഷൈല ജി, രതീഷ് കുമാർ ആർ എന്നിവർ പങ്കെടുത്തു.

# ഇന്ത്യൻ വനസംരക്ഷണ ചരിത്രത്തിലെ ഇതിഹാസ നായകനോടൊപ്പം...!

ഇന്ത്യയിലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ മുഖ്യ ശില്പിയും പ്രൊജക്റ്റ് ടൈഗറിന്റെ അമരക്കാരനുമായ ഡോ. എം.കെ. രഞ്ജിത് സിങ്ങിനെ അദ്ദേഹത്തിന്റെ വസതിയിലെത്തി സന്ദർശിക്കാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമാണ്.

കേരളത്തിന്റെ സ്വന്തം വരയാടുകളുടെ കാവൽക്കോട്ടയായ ഇരവികുളത്തെ ദേശീയോദ്യാനമാക്കി മാറ്റിയതിന് പിന്നിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണമുണ്ട്. പ്രകൃതിസംരക്ഷണത്തിൽ എന്നും മാതൃകയായ നമ്മുടെ ദൈവത്തിന്റെ സ്വന്തം നാടിന് അദ്ദേഹം നൽകിയ സംഭാവനകൾ സമാനതകളില്ലാത്തതാണ്. ഇന്ദിരാ ഗാന്ധിയുടെ ഭരണകാലഘട്ടം മുതൽ പരിസ്ഥിതി നയരൂപീകരണത്തിന് നേതൃപരമായ പങ്കു വഹിച്ച, രാജ്യത്തെ ഒട്ടനവധി വനമേഖലകളെ നെഞ്ചോട് ചേർത്ത ഈ വലിയ മനുഷ്യനുമായുള്ള കൂടിക്കാഴ്ച കേരളത്തിന്റെ പരിസ്ഥിതി സൗഹൃദ യാത്രകൾക്ക് വലിയ പ്രചോദനവും കരുത്തുമാണ്.

## ആത്മഹത്യാശ്രമം; അച്ഛനും മകളും മരിച്ചു; അമ്മയും മകനും ഗുരുതരാവസ്ഥയിൽ

തൃശൂർ: കുന്നംകുളത്ത് ഒരു കുടുംബത്തിലെ നാലു പേർ ആത്മഹത്യയ്ക്ക് ശ്രമിച്ചു. അച്ഛനും മകളും മരിച്ചു. അമ്മയും മകനും ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്.

കുന്നംകുളം സ്വദേശി സിബി (50), മകൾ അലീന (18) എന്നിവരാണ് മരിച്ചത്. സിബിയുടെ ഭാര്യ ബീന, മകൻ ആദിത്യൻ (17) എന്നിവരാണ് തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലുള്ളത്.

വർഷങ്ങളായി ഗൾഫിൽ ജോലി ചെയ്തിരുന്ന സിബിക്ക് അടുത്തിടെ ജോലി നഷ്ടപ്പെട്ടിരുന്നു. തുടർന്ന് നാട്ടിൽ തിരിച്ചെത്തിയതിന് പിന്നാലെയാണ് കുടുംബം കൂട്ട ആത്മഹത്യാ ശ്രമം നടത്തിയതെന്നാണ് വിവരം.

വിഷം കഴിച്ചതിന് ശേഷമാണ് സിബി വീട്ടുപറമ്പിലെ കിണറ്റിൽ ചാടിയത്. ഫയർഫോഴ്സും പോലീസും എത്തിയാണ് കിണറ്റിൽ നിന്ന് സിബിയുടെ മൃതദേഹം പുറത്തെടുത്തത്. മകൾ വിഷം ഉള്ളിൽച്ചെന്ന നിലയിൽ മുറിക്കുള്ളിൽ തൂങ്ങിമരിക്കുകയായിരുന്നു. കടുത്ത സാമ്പത്തിക ബാധ്യതയാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്നാണ് സൂചന.




ലോകത്തെ മികച്ച 5% ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയ ഡോ. അഭിലാഷ് ശശിധരൻ, ഡോ. രാധിക രാജശ്രീ, ഡോ എ ബിജുകുമാർ( വൈസ് ചാൻസലർ, കുഫോസ്), ഡോ രാജീവ് രാഘവൻ, ഡോ ഗിരീഷ് ഗോപിനാഥ്

# ലോകത്തെ മുൻനിര ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയ കുഫോസ് ശാസ്ത്രജ്ഞരെ മന്ത്രി ആദരിച്ചു

2025ലെ SciRank Global Scientist Index പ്രകാരം ലോകത്തെ മുൻനിര അഞ്ച് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്) വൈസ് ചാൻസലർ ഡോ. എ. ബിജു കുമാറിനെയും സർവകലാശാലയിലെ അധ്യാപകരായ ഡോ. രാജീവ് രാഘവൻ, ഡോ. ഗിരീഷ് ഗോപിനാഥ്, ഡോ. രാധിക രാജശ്രീ, ഡോ. അഭിലാഷ് ശശിധരൻ എന്നിവരെയും കേരള മത്സ്യബന്ധന വകുപ്പ് മന്ത്രിയും കുഫോസ് പ്രോചാൻസലറുമായ അഡ്വ. വി. ഇ. അബ്ദുൾ ഗഫൂർ ആദരിച്ചു.

കുഫോസ് മുഖ്യ ഓഡിറ്റോറിയത്തിൽ നടന്ന "Celebrating Excellence, Shaping the Future" പരിപാടിയിലായിരുന്നു ആദരം. ചടങ്ങിൽ അഡ്വ. ദീപക് ജോയ് എം.എൽ.എ., മുൻ ഇന്ത്യൻ അംബാസഡർ വേണു രാജാമണി എന്നിവർ പങ്കെടുത്തു.

ലോകോത്തര ഗവേഷണ നിലവാരത്തിലും അക്കാദമിക മികവിലും കുഫോസ് കൈവരിച്ച മുന്നേറ്റത്തിന്റെ അംഗീകാരമാണ് ഈ നേട്ടമെന്ന് മന്ത്രി പറഞ്ഞു. ആഗോള ഗവേഷണരംഗത്ത് കേരളത്തിന്റെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്താൻ സർവകലാശാലയുടെ സംഭാവന നിർണായകമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വൈസ് ചാൻസലർ ഡോ. എ. ബിജു കുമാർ ഇന്ത്യയിലെ പ്രമുഖ ജലജീവ ശാസ്ത്രജ്ഞനും മത്സ്യശാസ്ത്രജ്ഞനുമാണ്. 30 പുസ്തകങ്ങളും 300ലധികം ഗവേഷണ പ്രസിദ്ധീകരണങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. 2024ലെ Elsevier–Stanford Universtiy ലോകത്തിലെ മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിലും അദ്ദേഹം ഇടം നേടിയിരുന്നു. ആഴക്കടൽ മത്സ്യങ്ങളിലെ കോപ്പിപോഡ് പരാദജീവികളുടെ 60ലധികം പുതിയ സ്പീഷീസുകളും 11 പുതിയ ജനുസുകളും ഒരു പുതിയ കുടുംബവും ശാസ്ത്രലോകത്തിന് പരിചയപ്പെടുത്തിയത് അദ്ദേഹത്തിന്റെ ഗവേഷണസംഭാവനകളിലുൾപ്പെടുന്നു.

ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. രാജീവ് രാഘവനാണ് കുഫോസിൽ നിന്ന് ഏറ്റവും ഉയർന്ന റാങ്ക് നേടിയത്. 2021 മുതൽ തുടർച്ചയായി Elsevier–Stanford Universtiy ലോകത്തെ മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിലും അദ്ദേഹം ഇടം നേടിയിട്ടുണ്ട്. Nature ഉൾപ്പെടെയുള്ള പ്രമുഖ അന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിച്ചവ ഉൾപ്പെടെ 200ലധികം ഗവേഷണപ്രബന്ധങ്ങളുടെ രചയിതാവായ അദ്ദേഹം ശുദ്ധജല മത്സ്യങ്ങളുടെ വർഗ്ഗീകരണം, സിസ്റ്റമാറ്റിക്സ്, സംരക്ഷണം എന്നീ മേഖലകളിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയിട്ടുണ്ട്.

ക്ലൈമറ്റ് വേരിയബിലിറ്റി ആൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റം വിഭാഗം മേധാവിയായ ഡോ. ഗിരീഷ് ഗോപിനാഥ് ഹൈഡ്രോജിയോളജി, റിമോട്ട് സെൻസിങ്, ജിഐഎസ് എന്നീ മേഖലകളിലെ ഗവേഷകനാണ്. കൃത്രിമബുദ്ധിയുടെ സഹായത്തോടെ കേരളത്തിലെ മണ്ണിടിച്ചിൽ സാധ്യതാ മേഖലകൾ കണ്ടെത്തുന്നതിനും ഹൈപ്പർസ്പെക്ട്രൽ റിമോട്ട് സെൻസിങ് സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്.

ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി ഫാക്കൽറ്റി ഡീനായ ഡോ. രാധിക രാജശ്രീ സമുദ്രവിഭവങ്ങളുടെ മൂല്യവർധിത ഉൽപ്പന്നങ്ങൾ, നാനോ ബയോകോംപോസിറ്റുകൾ, ജൈവവിഘടനശേഷിയുള്ള ഫിലിമുകൾ എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ ശ്രദ്ധേയയാണ്. നീതി ആയോഗിന്റെ ധനസഹായത്തോടെ കുഫോസിൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യ മത്സ്യമേഖലാ ATAL Incubation Cetnreന്റെ കോർഡിനേറ്ററുമാണ്.

ശാസ്ത്രജ്ഞരുടെ ഗവേഷണ സ്വാധീനം, പ്രസിദ്ധീകരണങ്ങൾ, ഉദ്ധരണികൾ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ലോകമെമ്പാടുമുള്ള ഗവേഷകരെ വിലയിരുത്തുന്ന സ്വതന്ത്ര ശാസ്ത്രമെട്രിക്സ് സ്ഥാപനമാണ് SciRank Global.

# ധന്യൻ മാർ ഈവാനിയോസിൻെറ ഓർമപ്പെരുന്നാൾ തീർഥാടന പദയാത്ര ഇന്ന്



തിരുവനന്തപുരം: ധന്യൻ ആർച്ച് ബിഷപ് മാർ ഈവാനിയോസിൻറെ എഴുപത്തിമൂന്നാം ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് കബറിങ്കലേക്ക് നടത്തുന്ന തീർഥാടന പദയാത്ര ഇന്ന് വൈകുന്നേരം അഞ്ചിനു പട്ടം സെൻറ് മേരീസ് കത്തീഡ്രൽ പള്ളിയിലെ കബറിടത്തിൽ എത്തിച്ചേരും. റാന്നി പെരുനാട്ടിൽ നിന്ന് ആരംഭിച്ച പ്രധാന തീർഥാടന പദയാത്ര ഇന്നു രാവിലെ പിരപ്പൻകോട് നിന്നുമാരംഭിച്ച് വേറ്റിനാട്, വട്ടപ്പാറ, അരുവിയോട്, നാലാഞ്ചിറ ബഥനി ആശ്രമം, മാർ ഇവാനിയോസ് വിദ്യാനഗർ എന്നിവിടങ്ങളിലെ സ്വീകരണം ഏറ്റുവാങ്ങി വൈകുന്നേരം അഞ്ചിന് കബറിടത്തിൽ എത്തിച്ചേരും.

മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തീർഥാടകരെ കബറിടത്തിലേക്ക് സ്വീകരിക്കും. മാവേലിക്കര, മാർ ഈവാനിയോസ് ജന്മഗൃഹമായ പുതിയകാവിൽ നിന്നും ആരംഭിച്ച പദയാത്ര ഇന്നു രാവിലെ കാരംമൂട് നിന്ന് ആരംഭിച്ച് കഴക്കൂട്ടം, കാര്യവട്ടം വഴി വൈകുന്നേരം കബറിൽ എത്തിച്ചേരും. മാർത്താണ്ഡത്തു നിന്നും പാറശാലയിൽ നിന്നുമുള്ള പദയാത്രകൾ ഇന്നു വൈകുന്നേരം കബറിൽ എത്തിച്ചേരും.

തുടർന്ന് ആറിനു മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ സന്ധ്യാപ്രാർഥന നടക്കും. അതിനുശേഷം നൂറുകണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന മെഴുകുതിരി നേർച്ച പ്രദക്ഷിണം നടക്കും. കാതോലിക്കാ ബാവയോടൊപ്പം മുഖ്യാതിഥിയായി പങ്കെടുക്കുന്ന സിബിസിഐ പ്രസിഡൻറും ഹൈദരാബാദ് ആർച്ച്ബിഷപ്പുമായ കർദിനാൾ ഡോ. ആൻറണി പൂളയും മറ്റ് മെത്രാപ്പോലീത്തമാരും നൂറുകണക്കിന് വൈദികരും സന്യസ്തരും വിശ്വാസഗണവും കത്തിച്ച തിരികളുമായി പ്രദക്ഷിണത്തിൽ അണിചേരും. നാളെ രാവിലെ എട്ടിന് ആഘോഷങ്ങൾ ആരംഭിക്കും.

തുടർന്ന് അഞ്ഞൂറോളം വൈദികരും മെത്രാപ്പോലീത്തമാരും കുർബാനയ്ക്കായി കബർ ചാപ്പലിൽ നിന്നും കത്തീഡ്രലിലേക്ക് പ്രദക്ഷിണമായി നീങ്ങും. തുടർന്ന് ആഘോഷമായ സമൂഹബലി, ബലിമധ്യേ കർദിനാൾ ഡോ.ആൻറണി പൂള വചനസന്ദേശം നൽകും.

# വ്യാജരേഖ ചമച്ച് അവയക്കടത്ത്: ഡോക്ടർമാരെ ചോദ്യം ചെയ്ത് ഇഡി

കൊച്ചി: വ്യാജരേഖ ചമച്ച് അവയക്കടത്ത് നടത്തിയ കേസിൽ കൊച്ചിയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ ഇഡിക്ക് മുന്നിൽ ഹാജരായി. ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയ ഡോ. അലക്സാണ്ടർ, ഡോ. ശ്രീജ പിള്ള എന്നിവരാണ് ഇഡിക്ക് മുന്നിൽ ഹാജരായത്.

ജൂൺ 18ന് കൊച്ചിയിലെ പ്രമുഖ സ്വകാര്യ ആശുപത്രികളിൽ ഇഡി റെയ്ഡ് നടത്തിയിരുന്നു. സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് ആശുപത്രി അധികൃതരുടെ മൊഴികളിൽ വ്യക്തതയില്ലെന്നാണ് അന്വേഷണ സംഘത്തിൻറെ നിലപാട്. ആശുപത്രി എംഡിയെയും ഇഡി ചോദ്യം ചെയ്തിരുന്നു.

എന്നാൽ ഡോക്ടർമാർക്കോ ആശുപത്രിക്കോ അവയവക്കടത്തിൽ പങ്കുള്ളതായി കണ്ടെത്തിയിട്ടില്ല. ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ അടക്കം പരിശോധിച്ചതിന് പിന്നാലെയാണ് കൊച്ചി ഓഫീസിൽ ഹാജരാകാൻ നിർദേശിച്ചത്.

കേരളത്തിലെ ആറു പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത വ്യാജ രേഖ ഉപയോഗിച്ചുള്ള അവയവ കച്ചവടത്തിലെ കള്ളപ്പണ ഇടപാടിലാണ് ഇഡി കേസ് എടുത്ത് അന്വേഷണം നടത്തുന്നത്. കേരളത്തിന് അകത്തും പുറത്തമുള്ള വൻ മാഫിയ സംഘം അവയവ കച്ചവടത്തിന് പിന്നിൽ പ്രവർത്തിച്ചുവെന്നാണ് പോലീസിൻറെ കണ്ടെത്തൽ.

അവയവ കച്ചവടത്തിലെ മുഖ്യപ്രതി കാസർകോട് സ്വദേശി നജീബാണ്. നിർധനരെ കണ്ടെത്തി ചെറിയ തുകക്ക് അവയവ കച്ചവടം ഉറപ്പിക്കുകയും സ്വകാര്യ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരാകുന്നവർക്ക് അവയവം വൻ തുകക്ക് മറിച്ചു വിൽക്കുകയുമാണ് സംഘം ചെയ്തിരുന്നത്. ഇതിനായി നജീബിന് ആശുപത്രികളിൽ നിന്ന് കമ്മീഷൻ ലഭിച്ചതായി ഇഡി കണ്ടെത്തിയിരുന്നു.

## ചിറക്കരയിൽ 52ഗ്രാം എംഡിഎംഎയുമായി യുവാവ് പിടിയിൽ

ചാത്തന്നൂർ: കൊല്ലം ചിറക്കരയിൽ എംഡിഎംഎയുമായി ഒരാൾ പിടിയിൽ. ചിറക്കരത്താഴം രാഹുൽ നിവാസിൽ രാജൻറെ മകൻ രാഹുൽ(32) ആണ് പിടിയിലായത്. ഇയാളിൽ നിന്ന് 52 ഗ്രാം എംഡിഎംഎ പോലീസ് കണ്ടെടുത്തു.

പാരിപ്പള്ളി പോലീസും ഡാൻസാഫ് ടീമും ചേർന്നാണ് പ്രതിയെ പിടികൂടിയത്. ഞായറാഴ്ച രാത്രി 7.45ഓടെ ചിറക്കര വാഴവിള ജംഗ്ഷനിൽ നിന്നും ചിറക്കര താഴം പോകുന്ന വഴിയിൽ വച്ചാണ് രാഹുൽ പിടിയിലായത്. ഇയാളിൽ നിന്ന് പിടിച്ചെടുത്ത എംഡിഎംഎയ്ക്ക് വിപണിയിൽ രണ്ടര ലക്ഷത്തോളം രൂപ വിലവരുമെന്നും പോലീസ് വ്യക്തമാക്കി.

# ലിറ്റിൽ കൈറ്റ്സ് അവാർഡുകൾ ഇന്ന് മുഖ്യമന്ത്രി വിതരണം ചെയ്യും

തിരുവനന്തപുരം: കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് നൽകുന്ന 2026ലെ സംസ്ഥാനജില്ലാതല അവാർഡുകൾ മുഖ്യമന്ത്രി വി.ഡി. സതീശൻ വിതരണം ചെയ്യും. ഇന്നു രാവിലെ 10ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിലാണ് ചടങ്ങ്.

സംസ്ഥാനത്തെ 2,284 സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ നടപ്പാക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബുകൾ കുട്ടികളുടെ രാജ്യത്തെ ഏറ്റവും വലിയ ഐടി ശൃംഖലയാണ്. പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ അധ്യക്ഷത വഹിക്കും. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ മുഖ്യപ്രഭാഷണം നടത്തും.

ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, റോബോട്ടിക്സ്, ഇൻറർനെറ്റ് ഓഫ് തിങ്സ് (ഐഒടി) തുടങ്ങിയ മേഖലകളിലെ പരിശീലനങ്ങൾ, സാമൂഹിക ഇടപെടലുകൾ, സ്കൂൾ വിക്കി, ഡിജിറ്റൽ മാഗസിൻ, ഹൈടെക് ക്ലാസ് മുറികളുടെ പരിപാലനം എന്നിവയിലെ മികവിൻറെ അടിസ്ഥാനത്തിലാണ് അവാർഡുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന സ്കൂളുകൾക്ക് യഥാക്രമം 2.5 ലക്ഷം രൂപ, 2 ലക്ഷം രൂപ, 1.5 ലക്ഷം രൂപ വീതം ലഭിക്കും.ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തിന് 40,000 രൂപയും രണ്ടാം സ്ഥാനത്തിന് 30,000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകും.ചടങ്ങ് കൈറ്റ് വിക്ടേഴ്സ് ചാനലിലും കൈറ്റിൻറെ വെബ് പ്ലാറ്റ്ഫോമുകളിലും തത്സമയം സംപ്രേഷണം ചെയ്യും.



# ആർ. സുഗതൻ ജയിലിൽ സത്യപ്രതിജ്ഞ ചെയ്തു

തിരുവനന്തപുരം : ജയിലിനെ വേദിയാക്കി വീണ്ടും തിരുവനന്തപുരം കോർപറേഷൻ കൗൺസിലറായി സത്യപ്രതിജ്ഞ ചെയ്ത് ആർ.സുഗതൻ. മേയർ വി.വി. രാജേഷ് സത്യവാചകം ചൊല്ലിക്കൊടുത്തു. ഈശ്വരനാമത്തിലായിരുന്നു സുഗതന്റെ സത്യപ്രതിജ്ഞ.

തിരുവനന്തപുരം മേയർക്ക് പുറമേ കോർപറേഷനിലെ ഉദ്യോഗസ്ഥർ, സുഗതന്റെ അടുത്ത ബന്ധുക്കൾ എന്നിവർ ജയിലിൽ എത്തിയിരുന്നു. ജയിലിലെ ലൈബ്രറി ഹാളിൽ വച്ചായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്. അഞ്ച് വർഷത്തേക്ക് വളരെ ഭംഗിയായി ഭരിച്ച് മുന്നോട്ടു പോകുമെന്നും അതിനു ശേഷമുള്ള കാര്യങ്ങൾ പിന്നീട് പറയാമെന്നും മേയർ വി.വി. രാജേഷ് മാധ്യമങ്ങളോടു പ്രതികരിച്ചു.

മുൻപ് ചെയ്ത സത്യപ്രതിജ്ഞ കോടതി അസാധുവാക്കിയതിനാലാണ് വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നത്. കോർപറേഷനിൽ 20 കൗൺസിലർമാർ ഇത്തരത്തിൽ സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നിരുന്നു. ദൈവങ്ങളുടെയും ബലിദാനികളുടെയും ഭാരതാംബയുടെയും നാമത്തിൽ സത്യപ്രതിജ്ഞ ചെയ്തതാണ് അസാധുവാക്കാൻ കാരണമായത്. തുടർന്ന് സുഗതൻ ഒഴികെയുള്ള കൗൺസിലർമാർ വീണ്ടും സത്യപ്രതിജ്ഞ ചെയ്തു. എന്നാൽ കാപ്പാ കേസിൽ ജയിലിൽ ആയതോടെയാണ് സുഗതന് വിയ്യൂരിൽനിന്നും പുനഃസത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നത്. കാപ്പ കേസിൽ പ്രതിയാക്കപ്പെട്ടതിനെ തുടർന്ന് വട്ടിയൂർക്കാവ് പൊലീസ് ജൂൺ 9 നാണ് വാഴോട്ടുകോണം കൗൺസിലർ ആർ.സുഗതനെ അറസ്റ്റ് ചെയ്തത്. ജാമ്യം തേടിയെങ്കിലും കാപ്പ ഉപദേശക സമിതി തള്ളുകയായിരുന്നു. തുടർന്ന് ഹൈക്കോടതിയിൽ നൽകിയ ഹർജിയിലാണ് സുഗതന് അനുകൂല ഉത്തരവുണ്ടായത്.